"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

SEPTEMBER 2018
Vol. LXVIII No. 9

# CONTENTS

ഇടയലേഖനം 57 -**എട്ടുനോമ്പ്** ................................ 611

Announcement ........................................................ 618

കെ.സി.ബി.സി. സർക്കുലർ ........................................ 619

സർക്കുലർ - 242 ...................................................... 623

Announcement ........................................................ 625

സർക്കുലർ ................................................................ 626

കച്ചേരിക്കാര്യം .......................................................... 629

റംശാ ലിസ്റ്റ് .............................................................. 631

ലേഖനം .................................................................... 632

വാർത്തകൾ ................................................................ 636

ആദരാഞ്ജലികൾ ........................................................ 669

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............................ 672

Bishops' Engagements .................................. 677

ഇടയലേഖനം - 57

# എട്ടുനോമ്പ്

## ദൈവപരിപാലനയിൽ പാലാ രൂപതയുടെ മെത്രാനായ

## മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

സെപ്റ്റംബർ ഒന്നാം തിയതി നമ്മൾ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനൊരുക്കമായുള്ള എട്ടു നോമ്പിലേയ്ക്കു പ്രവേശിച്ചിരിക്കുകയാണല്ലോ. അതിപുരാതനകാലം മുതലേ നമ്മുടെ പൂർവ്വികർ കൃത്യമായും കർക്കശമായും നോമ്പും ഉപവാസവും അനുഷ്ഠിച്ചിരുന്നു. ആണ്ടുവട്ടത്തിലെ 225 ദിവസങ്ങളോളം മാർത്തോമ്മാ നസ്രാണികളെല്ലാവരും നോമ്പിലും ഉപവാസത്തിലുമായി കഴിഞ്ഞിരുന്നു. നോമ്പുകാലത്ത് ഭക്ഷണം പാകം ചെയ്യാൻ പ്രത്യേകം പാത്രങ്ങൾ അടുക്കളയിൽ ഉപയോഗിച്ചും ഇറച്ചി, മീൻ തുടങ്ങിയവ വേവിക്കാനുപയോഗിച്ചിരുന്ന 'ചട്ടി കമഴ്ത്തി വച്ചും' വളരെ സൂക്ഷ്മമായി നോമ്പാചരിക്കാൻ കുടുംബാംഗങ്ങളെ വീട്ടിലെ അമ്മച്ചിമാരും മറ്റു സ്ത്രീകളും പ്രേരിപ്പിച്ചിരുന്നു.

പ്രധാന തിരുനാളുകൾക്കു ഒരുക്കമായി അതിനു മുമ്പുള്ള ദിവസങ്ങളിൽ ആണ് നോമ്പ് നോക്കുന്നത്. നമ്മുടെ കർത്താവിന്റെ പീഡാനുഭവ, മരണോത്ഥാനങ്ങളെ ധ്യാനിച്ച് 50 നോമ്പും ജനനത്തിരുനാളിനൊരുക്കമായി 25 നോമ്പും എല്ലാവരും തന്നെ ശ്രദ്ധയോടെ നോക്കാറുണ്ട്. നമ്മുടെ കർത്താവിന്റെ തിരുനാ

ളുകൾ കഴിഞ്ഞാൽ ഏറ്റവും അധികം പ്രാധാന്യത്തോടെ കൊണ്ടാടുന്നത് പരി. കന്യകാമറിയത്തിന്റെ തിരുനാളുകളാണ്. പതിനഞ്ചുനോമ്പും എട്ടുനോമ്പും മൂന്നുനോമ്പുമൊക്കെ മാതാവിന്റെ തിരുനാളുകളോടനുബന്ധിച്ച് എല്ലാ നസ്രാണികളും പ്രത്യേകിച്ച് മാതാവിന്റെ നാമത്തിലുള്ള പള്ളികളിൽ വളരെ വിശേഷമായി നടത്തിയിരുന്നു. നമ്മുടെ ദൈവാലയങ്ങൾ കുടുതലും 'മർത്ത് മറിയ'ത്തിന്റെ നാമത്തിലുള്ളവയായിരുന്നു. പത്രോസ് – പൗലോസ് ശ്ലീഹന്മാരുടെയും മാർ തോമാശ്ലീഹായുടെയും തിരുനാളും നോമ്പു നോക്കി ഒരുങ്ങാറുണ്ട്. തിരുനാളോടെ വിശുദ്ധീകരണം പൂർത്തിയാകണമെന്നതാണ് ലക്ഷ്യം. വിശ്വാസപരിശീലനത്തിന്റെ ഏറ്റവും പ്രധാനമായ മാർഗ്ഗമാണ് നോമ്പാചരണങ്ങൾ. കുട്ടികൾക്കും യുവജനങ്ങൾക്കും നോമ്പിന്റെയും വെള്ളിയാഴ്ച മാംസവർജനത്തിന്റെയും ഉപവാസത്തിന്റെയും പാഠങ്ങളും പരിശീലനവും മാതാപിതാക്കളിൽ നിന്നും ലഭിക്കാനിടയാകണം.

സാധാരണ ഗതിയിൽ വിശുദ്ധരുടെ മരണത്തിരുനാളാണല്ലോ നാം ആഘോഷിക്കുന്നത്. ഈശോയുടെയും കന്യാമറിയത്തിന്റെയും മാർ യോഹന്നാൻ മാംദാനയുടെയും മാത്രമാണ് ജനനത്തിരുനാൾ സഭ ആഘോഷിക്കുന്നത്. എട്ടുനോമ്പാചരണത്തിന് മാർത്തോമ്മാ നസ്രാണികളുടെ ഇടയിൽ ശക്തമായ വേരോട്ടമുണ്ട്. ടിപ്പു സുൽത്താന്റെ പടയോട്ട കാലത്ത് ക്രിസ്ത്യാനികളും സ്ത്രീകളും പീഡിപ്പിക്കപ്പെട്ടപ്പോൾ മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടി ആളുകൾ പള്ളികളിൽ അഭയം പ്രാപിച്ചു. കനത്ത മഴയിൽ ഭാരതപ്പുഴ നിറഞ്ഞു കവിഞ്ഞതിനാൽ നമ്മുടെ പ്രദേശങ്ങളിലേക്ക് ടിപ്പുവിന്റെ പട്ടാളത്തിന് എത്താൻ സാധിച്ചില്ല. ഇതിന്റെ ഓർമ്മയിൽ കുറവിലങ്ങാട്, മണർകാട് തുടങ്ങിയ പുരാതന പള്ളികളിൽ സ്ത്രീകളും മറ്റും ദൂരദേശത്തുനിന്നും വന്ന് കൂടാരമടിച്ച് ഭജനയിരിക്കുമായിരുന്നു. കന്യകാമറിയത്തിന്റെ ജനനത്തിരുനാളും എട്ടുനോമ്പും നമ്മെ പഠിപ്പിക്കുന്നത് വിശുദ്ധിയുള്ള

വ്യക്തിജീവിതങ്ങളും കുടുംബങ്ങളും ഉണ്ടാകണമെന്നാണ്. ഈ ലോകത്തിന്റെ മാലിന്യം ഏൽക്കാതെ പാപത്തിൽ നിന്ന് അകന്ന് ജീവിക്കുവാൻ നമുക്ക് സാധിക്കട്ടെ.

തന്റെ പുത്രന് ജന്മം നൽകാൻ പരിശുദ്ധ കന്യകാമറിയത്തെ തിരഞ്ഞെടുത്ത ദൈവം അവളുടെ തലമുറകളെയും അവൾക്കായി ഒരുക്കുന്നതു കാണാം. വിശുദ്ധിയുള്ള കുഞ്ഞുങ്ങൾ ഉണ്ടാകാൻ നമുക്കു പ്രാർത്ഥിക്കാം. കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുന്ന ദമ്പതിമാർ കൂടുതൽ ശ്രദ്ധിക്കട്ടെ. വിവാഹത്തെയും കുടുംബജീവിതത്തെയും മൂല്യമുള്ളതായി കാണാൻ നമുക്ക് സാധിക്കട്ടെ. മക്കൾ ദൈവദാനമാണെന്നുള്ള ബോധ്യത്തിൽ നമ്മുടെ സമൂഹം മക്കളുടെ എണ്ണത്തിന്റെ കാര്യത്തിൽ കുറച്ചുകൂടി ശ്രദ്ധയുള്ളവരാകണം. കൂടുതൽ മക്കളുള്ള കുടുംബങ്ങൾ, അണുകുടുംബങ്ങളെക്കാൾ - സ്വാർത്ഥയില്ലാത്ത, പങ്കുവയ്ക്കുന്ന ജീവിതം കരുപ്പിടിപ്പിക്കാൻ കുട്ടികളെ സഹായിക്കും. കുരിശുവര, മാതാവിനോടും വിശുദ്ധരോടുമുള്ള ഭക്തി, വിശുദ്ധ കുർബാനയോടുള്ള ഭക്തി, ദൈവവചനത്തോടുള്ള തുറവി എന്നിവ കുടുംബങ്ങളിൽ നിന്ന് കുഞ്ഞുങ്ങൾക്ക്, അമ്മയിൽ നിന്ന് മുലപ്പാൽ എന്നപോലെ ലഭിക്കണം. കുട്ടികൾ വിശുദ്ധരായി വളാരാനുള്ള സാഹചര്യങ്ങൾ മാതാപിതാക്കൾ ഒരുക്കികൊടുക്കണം. പ്രാർത്ഥനയോടും ദൈവവചനത്തോടും ദൈവാലയത്തോടും സഭയോടുമുള്ള ബന്ധമാണ് അവയിൽ ഏറ്റവും പ്രധാനം. കുട്ടികളും യുവാക്കളും സഭയിൽ നിന്നും കൂദാശകളിൽ നിന്നും അകലുന്നത് ഒട്ടും ആശാവഹമല്ല. കുടുംബങ്ങളിലും കുടുംബങ്ങൾ തമ്മിലും നല്ല സ്നേഹം ഉണ്ടാകട്ടെ. കുടുംബങ്ങളിൽ നിന്നും വിമർശന സംഭാഷണങ്ങളും പരിഹാസവർത്തമാനങ്ങളും കുറ്റപ്പെടുത്തുന്ന സംസാരവും മുൻവിധികളും നമുക്കൊഴിവാക്കാം. അയൽക്കാർ തമ്മിലും ഒരു സ്നേഹ സംസ്കാരം ഉടലെടുക്കട്ടെ.

അത്യപൂർവ്വമായ സംഭവങ്ങൾക്കു നാം സാക്ഷ്യം വഹിക്കുന്ന കാലഘട്ടമാണിത്. സഭയ്ക്കും ദേശത്തിനും വേണ്ടി

തീക്ഷ്ണമായി നോമ്പെടുത്തും പരിത്യാഗത്തോടെയും പ്രാർത്ഥിക്കേണ്ട നാളുകളാണിത്. നമ്മുടെ സംസ്ഥാനം ഭീകരമായ പ്രകൃതി ദുരന്തത്തിനു സാക്ഷിയായി. നമ്മുടെ രൂപതയിൽ താരതമ്യേന ദുരന്തത്തിന്റെ കെടുതികൾ കുറവാണെങ്കിലും നിരവധിയാളുകൾ ഏറെ വിഷമിക്കുന്നുണ്ട്. നമ്മുടെ രൂപതാംഗങ്ങളും അല്ലാത്തവരുമായ മഴക്കെടുതിക്കിരയായ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ദുഃഖത്തിൽ പങ്കു ചേരുകയും ചെയ്യുന്നു. മരണസംഖ്യയുടെയും നാശനഷ്ടങ്ങളുടെയും കണക്ക് ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല. നമ്മുടെ രൂപതയിലെ എല്ലാവരും തന്നെ വിവിധ തലങ്ങളിൽ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സാധിക്കുന്ന വിധത്തിൽ സഹായഹസ്തങ്ങൾ നീട്ടുകയും ചെയ്തു. ഉരുൾപൊട്ടിയ സ്ഥലങ്ങളും വെള്ളം പൊങ്ങിയ സ്ഥലങ്ങളും വിവിധ ദുരിതാശ്വാസ ക്യാമ്പുകളും സാധിക്കുന്നതുപോലെ ഞാൻ നേരിട്ടു സന്ദർശിച്ചിരുന്നു. ഒട്ടേറെ വ്യക്തികളും സംഘടനകളും ഇടവകകളും കൈയ്യും മെയ്യും മറന്ന് പ്രവർത്തിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കിയ ബഹു. വൈദികരെയും ഞാൻ നേരിൽ കണ്ട മറ്റെല്ലാവരെയും എനിക്ക് നേരിട്ടു കണ്ടുമുട്ടാൻ സാധിക്കാത്തവരെയും ആത്മാർത്ഥമായി അനുമോദിക്കുകയും ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു. പണിയില്ലാതെ ദാരിദ്ര്യമനുഭവിക്കുന്ന 6000 ഓളം കുടുംബങ്ങൾക്ക് രൂപതാകേന്ദ്രത്തിൽ 23 -ാം തീയതി സൗജന്യമായി അരിയും പയറും പപ്പടവും വിതരണം ചെയ്തു. ബഹു. കേരളാ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് 50 ലക്ഷം രൂപ നമ്മുടെ രൂപത നല്കിയിട്ടുണ്ട്. രൂപതാതലത്തിൽ നടന്ന സംഭാവനശേഖരണത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുന്നു. കെ.സി.ബി.സി വഴി കാരിത്താസ് ഇന്ത്യക്കും നമ്മുടെ രൂപതയിലെ നാശനഷ്ടങ്ങൾ പരിഗണിക്കുന്നതിനും സമീപ രൂപതകളിലെ കെടുതികൾ പരിഹരിക്കുന്നതിനും ഇനിയും നാം ആത്മാർത്ഥമായി പരിശ്രമിക്കണം.

വിവിധ തലങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കായികമായോ സാമ്പത്തികമായോ സാധിക്കുന്നതുപോലെ എല്ലാവരും സഹകരിക്കണം. നോമ്പിന്റെ ദിവസങ്ങളിൽ നോമ്പെടുത്തും ഉപവാസമെടുത്തും വർജ്ജിക്കുന്ന ഭക്ഷണ സാധനങ്ങളുടെ ആനുപാതിക തുക പ്രകൃതി ദുരന്തത്തിനിര യായവർക്കായി നീക്കി വച്ച് രൂപതയെ ഏല്പിച്ചാൽ നമുക്കു സംഘാതമായി കൂടുതൽ നന്മകൾ ചെയ്യാൻ സാധിക്കും.

ജല പ്രളയം കൂടാതെ, സഭാമക്കളായ നമ്മൾ ഭീകരമായ മറ്റൊരു പ്രളയത്തിന്റെ ദുരിതവും അനുഭവിച്ചുകൊണ്ടിരിക്കു കയാണ്. ചില വാർത്തകളുടെ പേരിൽ സഭ പീഡിപ്പിക്കപ്പെ ടുന്ന കാഴ്ച നാം കാണുകയാണ്. ഒറ്റപ്പെട്ട ചില ആരോപണങ്ങ ളെയോ സംഭവങ്ങളെയോ ആയുധമാക്കി സഭയെയും കൂദാശ കളെയും പൗരോഹിത്യത്തെയും മതാചാരങ്ങളെയും ബ്രഹ്മ ചര്യത്തെയും പരിഹസിക്കുകയും കുറ്റപ്പെടുത്തുകയും തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവണത കൂടിക്കൂടി വരുന്നു. പത്രങ്ങൾ, റ്റി.വി.ചാനലുകൾ, നവസാമൂഹ്യ മാധ്യമ ങ്ങൾ എന്നിവയിലൂടെ ശക്തമായ ആശയപ്രചരണങ്ങളും മാധ്യമവിചാരണയുമാണ് നടന്നുകൊണ്ടിരിക്കുന്നത്. പലതും കേൾക്കുമ്പോൾ, വായിക്കുമ്പോൾ അവ സത്യമാണോ എന്ന് തിരിച്ചറിയുന്നതിനുമുമ്പ് അവ വിശ്വസിക്കുകയും പ്രചരിപ്പി ക്കുകയും ചെയ്യേണ്ടിവരുന്ന അനേകരുണ്ട്. കുട്ടികളും യുവാക്കളും മുതിർന്നവരുമായ കുറേ പേർ സഭയിൽ നിന്നും ദൈവത്തിൽ നിന്നും അകലാൻ ഇവ ഇടയാക്കുന്നുണ്ട്. കേൾക്കുന്നതെല്ലാം പറഞ്ഞു നടക്കരുതെന്നും (പ്രഭാ 19: 7) അന്വേഷിച്ചറിയാതെ കുറ്റം ആരോപിക്കരുതെന്നും (പ്രഭാ 11:7) ദൈവം നമ്മോടു പറയുന്നു. കോടതി വിചാരണയെക്കാൾ മാധ്യമ വിചാരണ ജനശ്രദ്ധ പിടിച്ചു പറ്റുമ്പോൾ നിക്ഷിപ്ത താല്പര്യങ്ങൾ താല്ക്കാലിക വിജയം നേടുകയും 'കുറ്റം നീതി പീഠത്തിൽ തെളിയിക്കപ്പെടുന്നതുവരെ കുറ്റാരോപിതൻ നിരപരാധിയായി കണക്കാക്കപ്പെടണം' എന്ന നീതിതത്വം

കാറ്റിൽ പറക്കുകയും ചെയ്യുന്നു. കാണുകയും കേൾക്കുകയും ചെയ്യുന്നവയെപ്പറ്റി സത്യവിശ്വാസികൾക്ക് നല്ല ഔചിത്യബോധം ഉണ്ടാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

രണ്ടു പ്രധാന കാര്യങ്ങൾ കൂടി അറിയിക്കട്ടെ. നമ്മുടെ രൂപത രണ്ട് മിഷനറി മുന്നേറ്റങ്ങൾ ഈ കാലഘട്ടത്തിൽ നടത്തുകയുണ്ടായി. ഒന്ന് അദിലാബാദ് മിഷൻ; രണ്ട്, ഗുജറാത്ത് മിഷൻ. പുതിയതായി രൂപം കൊണ്ട ഷംഷാബാദ് രൂപതയിലെ ഗുജറാത്തിലെ 10 ജില്ലകൾ അജപാലന – മിഷനറി പ്രവർത്തനങ്ങൾക്കായി അഭി. മാർ റാഫേൽ തട്ടിൽ പിതാവിന്റെ ആഗ്രഹപ്രകാരം പാലാ രൂപത ഏറ്റെടുത്തിരിക്കുകയാണ്. നമ്മുടെ രൂപതയുടെ വികാരി ജനറാൾ ബഹു. മോൺ. ജോസഫ് മലേപറമ്പിൽ കോ – ഓർഡിനേറ്ററും, റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ജോർജ് കാവുംപുറത്ത് എന്നിവർ സഹായികളുമായി ഗുജറാത്ത് മിഷനിലേക്ക് ആദ്യ ടീമായി പോയിരിക്കുകയാണ്. നമ്മുടെ രൂപതയിൽ തറവാടുകളുള്ള നിരവധി ആളുകൾ ഉള്ള പ്രദേശമാണ് ബഹു. തട്ടിൽ പിതാവ് നമ്മളെ ഏല്പിച്ചിരിക്കുന്നത്. ആ ദേശത്തിനും രൂപതയ്ക്കും പാലാ രൂപത ഏറ്റെടുത്തിരിക്കുന്ന മിഷനുകൾക്കും വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. സാധിക്കുന്നതുപോലെ നമ്മുടെ രൂപതയിലെ വൈദികരും സമർപ്പിതരും അല്മായരും ഈ മിഷൻ പ്രദേശങ്ങളിലെ ശുശ്രൂഷകൾക്കായി ഒരുങ്ങണം.

മറ്റൊരു കാര്യം, നമ്മുടെ രൂപതയ്ക്ക് പുതിയ ഒരു വികാരി ജനറാളായി കാക്കൂർ ഇടവകാംഗമായ വെരി റവ.ഫാ.സെബാസ്റ്റ്യൻ വേത്താനത്തിനെ നിയമിച്ചിരിക്കുകയാണ്. കുടുംബപ്രേഷിതത്വത്തിലും വിശ്വാസപരിശീലനത്തിലും വൈദികപരിശീലനത്തിലും അജപാലനശുശ്രൂഷയിലും രൂപതയ്ക്കകത്തും ഇന്ത്യയ്ക്കു വെളിയിലും പരിചയമുള്ള അച്ചന് ദൈവം നല്കിയിരിക്കുന്ന കൃപകൾ നമ്മുടെ രൂപതയ്ക്കു

മുതൽക്കൂട്ടാകുമെന്ന് പ്രത്യാശിക്കുകയാണ്.

ഈ ആഴ്ച നമുക്കു കൂടുതൽ തീക്ഷ്ണമായ പ്രാർത്ഥനയിലും നോമ്പിലും തപശ്ചര്യകളിലുമായിരിക്കാം. നമുക്ക് ദൈവത്തോടും സഹോദരങ്ങളോടും നല്ല ബന്ധത്തിലാകാം. സാധിക്കുന്നവർ ദുരന്തബാധിത പ്രദേശങ്ങളിലും വീടുകളിലും ക്ലീനിങ്ങിനും മറ്റു സഹായങ്ങൾക്കുമായി ചെല്ലുവാനും ശ്രദ്ധിക്കണം. പുനരുദ്ധാരണ പ്രവർത്തങ്ങൾക്കുള്ള സാമ്പത്തിക സഹായത്തിനായി എല്ലാ കുടുംബങ്ങളുടെയും ദശാംശം ഇടവക പള്ളിവഴിയോ നേരിട്ടോ രൂപതയിൽ എത്തിക്കാവുന്നതാണ്. നമ്മുടെ വിശുദ്ധീകരണത്തിനും ദേശത്തിന്റെയും മനുഷ്യകുലം മുഴുവന്റെയും വിശുദ്ധീകരണത്തിനുമായി നമ്മുടെ നോമ്പാചരണത്തെ തീവ്രമാക്കാം. എല്ലാ അഭിഷിക്തരും അത്മായരും വിശുദ്ധീകരിക്കപ്പെടട്ടെ. നോമ്പിന്റെ ചൈതന്യം തുടർന്നും നിലനിർത്താനും നമുക്ക് പരിശ്രമിക്കാം. കഴിവതും കുമ്പസാരിക്കാനും ദിവ്യകാരുണ്യസന്നിധിയിൽ ആയിരിക്കാനും സെപ്റ്റംബർ 8 ന് ഒരുക്കത്തോടെ പരി.കുർബാനയിൽ പങ്കുചേർന്ന് വി. കുർബാന സ്വീകരിക്കാനും നമുക്കു സാധിക്കട്ടെ. പരിശുദ്ധ കന്യാമറിയത്തിന്റെ മാദ്ധ്യസ്ഥ്യം നമ്മുടെ ഇടവകയോടും കുടുംബങ്ങളോടും ദേശത്തോടുമൊപ്പം ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 27.08.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം 2018 സെപ്തംബർ 2–ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാനയുള്ള സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# Announcement

(Already declared)

Dear Very Rev / Rev. Fathers,

The alarming situation created by the heavy rain and flood all over the state and in our places caused great disaster to several of our families - causing loss of homes, destruction of the house partially and fully so also deprivation of essentials like food and water. In such a grave situation we should associate with them to solve their trying situation by all assistance possible.

1. Our Parish Halls, Educational Institutions and other Diocesian Institutions must be given for relief assistance for their temporary stay and primary needs. Our concern for them is absolutely necessary. I request you to do the needful in this matter immediately.

2. In all our Parishes, Convents and Institutions a Holy Hour and a Prayer Service may be conducted on these days for the Blessings of God Almighty on all of us.

+ Jos Kallarangatt

Eparchy of Palai
16-08-2018

**Bishop Joseph Kallarangatt**
Bishop, Eparchy of Palai

---

NB: Given through email & SMS + Whatsapp on 16-08-2018.

# പ്രളയ ദുരിതവും മഴക്കെടുതിയും

(കെസിബിസി സർക്കുലർ)

16.8.2018

പ്രിയ സഹോദരങ്ങളേ,

ഒന്നിനുപുറകെ ഒന്നായി ദുരന്താനുഭവങ്ങളിലൂടെ നാം കടന്നുപോകുകയാണ്. സമീപകാലത്തൊന്നും കേരളം നേരിട്ടിട്ടില്ലാത്തത്ര അതിരൂക്ഷമായ ഒരു മഴക്കെടുതിയുടെ പിടിയിലാണ് നമ്മുടെ സംസ്ഥാനം ഇന്ന്. കഴിഞ്ഞ രണ്ടാഴ്ചയിലേറെയായി സംസ്ഥാനത്തിന്റെ തെക്കേയറ്റം തിരുവനന്തപുരം മുതൽ വടക്കേയറ്റം കാസർകോഡുവരെ പെയ്തിറങ്ങുന്ന അതിരൂക്ഷമായ പേമാരിയാണ് ഈ പ്രളയക്കെടുതിക്ക് കാരണം. കഴിഞ്ഞ അഞ്ചു ദശാബ്ദത്തിനിടയിൽ ഇത്രയും ഗുരുതരമായ ഒരു മഴക്കെടുതി കേരളം നേരിട്ടിട്ടില്ലെന്നുവേണം പറയാൻ. 1924 ലാണ് ഏതാണ്ട് ഇതിന് സമാനമായ ഒരു പ്രളയം നമ്മുടെ സംസ്ഥാനത്തെ ദുരിതത്തിലാഴ്ത്തിയത്.

ഇത്തവണ പേമാരി വിതച്ച പ്രളയക്കെടുതി പരിഹരിക്കാനാവാത്ത നാശനഷ്ടങ്ങളാണ് സംസ്ഥാനത്തിന് വരുത്തിവച്ചിരിക്കുന്നത്. പേമാരിയും ഉരുൾപൊട്ടലും വൻകോടികളുടെ നാശനഷ്ടം കേരളത്തിനുണ്ടാക്കിയിരിക്കുന്നുവെന്നാണ് പ്രാഥമിക കണക്ക്. 14 ജില്ലകളെയും പ്രളയക്കെടുതി ബാധിച്ചിരിക്കുന്നു. ഇതിനോടകം നിരവധി പേർക്ക് ജീവഹാനി നേരിട്ടു. ഒട്ടേറെ വീടുകളും കെട്ടിടങ്ങളും പൂർണമായും ഭാഗികമായും തകർന്നു. കെടുതികൾക്കിരയായ കുടുംബങ്ങളിലെ ലക്ഷക്കണക്കായ ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കേണ്ടിവന്നു. നൂറുകണക്കിന് ഏക്കർ കൃഷിസ്ഥലങ്ങളും ആയിരക്കണക്കിന് ഏക്കറിലെ കൃഷിയും നശിച്ച് നാമാവശേഷമായി. റോഡുകളും പാലങ്ങളും ഒലിച്ചുപോയി. വിമാനത്താവളം തന്നെ അടച്ചിടേണ്ടിവന്നു. കേരളത്തിന്റെ നെല്ലറയായ കുട്ടനാട് ഒരുമാസത്തിലേറെയായി വെള്ളത്തിനടിയിലാണ്. കൃഷിനാശത്തിന്റെ കണക്ക് ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല.

പേമാരിയെ തുടർന്ന് സംസ്ഥാനത്തെ ജലസംഭരണികളിൽ നിന്നുള്ള വെള്ളം തുറന്നുവിടേണ്ടി വന്നു. ഇതുമൂലം നദികളുടെയും പുഴകളുടെയും ഇരുകരകളിലും താഴ്ന്ന പ്രദേശങ്ങളിലും ഉള്ളവർ പ്രളയദുരന്തത്തിലായി. താഴ്‌വാരമെന്നോ, മലയോര പ്രദേശമെന്നോ വ്യത്യാസമില്ലാതെ വിവരണാതീതമായ ദുരന്തമാണ് നമ്മുടെ കൊച്ചു കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ജനജീവിതം സാധാരണനിലയിലേക്ക് കൊണ്ടുവരാൻ മാസങ്ങൾ തന്നെ വേണ്ടിവരും. ഇതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹായം ഉണ്ടായേ മതിയാകൂ.

അതിവൃഷ്ടിമൂലവും വിവിധ അണക്കെട്ടുകളിലെ വെള്ളം തുറന്നുവിടേണ്ടി വന്നതിനാലും കേരളത്തെ ബാധിച്ചിരിക്കുന്ന ഗുരുതരമായ പ്രളയക്കെടുതിയിൽനിന്ന് കേരളജനതയ്ക്കു മോചനം ലഭിക്കാനും ദുരന്തമനുഭവിക്കുന്നവർക്ക് സാന്ത്വനം ലഭിക്കാനും ദൈവസന്നിധിയിലേക്ക് പ്രാർത്ഥനയുടെ കരങ്ങളുയർത്താൻ എല്ലാവരെയും കെസിബിസി ആഹ്വാനംചെയ്യുന്നു. എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ഈ നിയോഗത്തിനുവേണ്ടി ദിവ്യകാരുണ്യസന്നിധിയിൽ സമൂഹപ്രാർത്ഥന നടത്തണമെന്ന് മെത്രാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, വിശുദ്ധബലിയർപ്പണം, ദിവ്യകാരുണ്യ ആരാധന, ജപമാല, പരിത്യാഗ പ്രവൃത്തികൾ തുടങ്ങിയ ഭക്താഭ്യാസങ്ങളിലൂടെ അവശത അനുഭവിക്കുന്നവരുടെ ആശ്വാസത്തിനായി നാം പ്രത്യേകം പ്രാർത്ഥിക്കണം. അതോടൊപ്പം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഒരു നേരത്തെ ഉപവാസത്തിലൂടെയെങ്കിലും, 2018 ആഗസ്റ്റ് മാസം 26-ാം തീയതിയോടുകൂടി പിരിച്ചെടുക്കുന്ന തുക മാസാവസാനത്തിനുമുൻപുതന്നെ കെസിബിസി സെക്രട്ടറിയേറ്റിൽ എത്തിക്കേണ്ടതുണ്ട്. ഈ തുക ഭാരതത്തിലെ എല്ലാ രൂപതകളിൽനിന്നും ശേഖരിക്കുന്ന സംഭാവനകളുമായി കൂട്ടിച്ചേർത്ത് സിബിസിഐയുടെ ആഭിമുഖ്യത്തിൽ കാരിത്താസ് ഇന്ത്യ വഴി കേരളത്തിൽ ദുരിതമനുഭവിക്കുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

നമ്മുടെ സ്ഥാപനങ്ങളിൽ നല്ലൊരു പങ്കും ഇപ്പോൾത്തന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. വലിയ തോതിൽ സാമ്പത്തികവും അല്ലാതെയുമുള്ള സമാഹരണങ്ങൾ ദുരിതബാധിതർക്കായി ഇടവക രൂപതാതലങ്ങളിൽ നടക്കു

ന്നുമുണ്ട്. കഴിയുന്ന എല്ലാവിധത്തിലും സർക്കാരിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും ദുരിതനിവാരണ പരിപാടികളോടു ചേർന്ന് പ്രവർത്തിക്കാൻ നമ്മുടെ എല്ലാ സംവിധാനങ്ങളും പ്രാദേശികതലത്തിൽ ശ്രദ്ധവയ്ക്കണം.

കെസിബിസിയുടെ സാമൂഹിക ക്ഷേമവിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറവും കാരിത്താസ് ഇന്ത്യയും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും സന്നദ്ധസംഘടനകളുമായി ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുൻനിരയിൽത്തന്നെയുണ്ട്. അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും, സർക്കാരുമായി സഹകരിച്ച് ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ ഫലപ്രദമായി പങ്കുചേരാനും നമുക്കു പരിശ്രമിക്കാം. എല്ലാവരുടെയും അകമഴിഞ്ഞ സഹകരണവും പിന്തുണയും ഇക്കാര്യത്തിലുണ്ടാകണം. നമ്മുടെ എല്ലാ ആരോഗ്യശുശ്രൂഷാ സ്ഥാപനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും അടിയന്തര സാഹചര്യങ്ങളെ നേരിടാൻ സജ്ജമാക്കണം. യുവജനങ്ങൾ രൂപതാ സാമൂഹ്യക്ഷേമവിഭാഗവുമായി സഹകരിച്ച് സന്നദ്ധ സേനയായി പ്രവർത്തിക്കണം.

ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിങ്ങൾ നല്കിയ ഔദാര്യപൂർവകമായ സഹകരണം ഇക്കാര്യത്തിലും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർഥിക്കുന്നു.

ഇത്തരുണത്തിൽ, ദുരന്തനിവാരണത്തിനായി ക്രിയാത്മകമായി ഇടപെടുന്ന കേരള സർക്കാരിനെയും കേന്ദ്രസർക്കാരിനെയും ബന്ധപ്പെട്ട വകുപ്പുകളെയും മാധ്യമപ്രവർത്തകരെയും സംഘടനകളെയും വ്യക്തികളെയും കെസിബിസി പ്രത്യേകം അഭിനന്ദിക്കുന്നു. രാഷ്ട്രീയമോ മതപരമോ സാമൂഹികമോ ആയ വ്യത്യാസങ്ങളില്ലാതെ മനുഷ്യനന്മയ്ക്കായി കേരളം കരംകോർക്കുന്ന കാഴ്ച ഏറെ ആശ്വാസംപകരുന്നതാണ്.

പ്രതിസന്ധിയുടെ ഈ ഘട്ടത്തിൽ ദൈവത്തിലാശ്രയിച്ച് കാരുണ്യത്തിന്റെ കരങ്ങൾ കോർത്ത് നമ്മുടെ സഹോദരങ്ങളുടെ ദുരിതങ്ങൾ ദുരീകരിക്കാം. പ്രളയ ദുരിതത്തിലും മഴക്കെടുതിയിലും പെട്ടു കഴിയുന്ന എല്ലാ സഭാംഗങ്ങളോടും മറ്റെല്ലാ പ്രിയപ്പെട്ടവരോ

ടുമുള്ള സ്നേഹവും ഐക്യദാർഢ്യവും അറിയിക്കുന്നു. ഈ പ്രതി സന്ധി മറികടക്കാൻ സർവശക്തനായ ദൈവം നമ്മെ ശക്തരാക്കട്ടെ!

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

---

N.B: ഈ സർക്കുലർ 2018 ആഗസ്റ്റ് 19-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാനയുള്ള എല്ലാ സ്ഥാപനങ്ങളിലും വായിക്കുയോ ഉള്ളടക്കം വിശദീകരിക്കുകയോ ചെയ്യാൻവേണ്ടി ഇ-മെയിൽ ചെയ്യപ്പെട്ടതാണ്.

സർക്കുലർ 242

പ്രിയ ബഹു. അച്ചൻമാരേ, സമർപ്പിതരേ, സഹോദരീ സഹോദരങ്ങളേ,

കെസിബിസിയുടെ പൊതുവായ ആഹ്വാനമനുസരിച്ചും നമ്മുടെ രൂപതയിലെ വിവിധ പ്രദേശങ്ങൾ ഉൾപ്പെടെ, കേരളം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയുടെ പശ്ചാത്തല ത്തിലും ഇനിയും നമുക്ക് സാധിക്കുന്ന സാമ്പത്തികവും അല്ലാതെ യുമുള്ള സമാഹരണങ്ങൾ നൽകുവാൻ അഭ്യർത്ഥിക്കുന്നു. ജൂലൈ 29 ലെ സർക്കുലർ നമ്പർ 241 മുഖേന വെള്ളപ്പൊക്ക ദുരിതാശ്വാസ സംഭാവന നൽകിയത് നന്ദിയോടെ അനുസ്മരിക്കുന്നു.

താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ഉപകാരപ്പെടുമെന്നു കരുതുന്നു.

1. പിരിച്ചെടുക്കുന്ന തുക 2018 ആഗസ്റ്റ് മാസം 30-ാം തീയതി യ്ക്കു മുമ്പായി പെ. ബഹു. രൂപതാ പ്രൊക്കുറേറ്റ റച്ചനെ ഏൽപിക്കേണ്ടതാണ്.
2. സമാഹരിക്കുന്ന ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധനങ്ങളും വസ്ത്രങ്ങളും രൂപതയുടെ Pala Social Service Society (PSWS) വഴി നൽകാവുന്നതാണ്.
3. നല്ല കാലാവസ്ഥ വേഗം സംജാതമാകുവാൻ എല്ലാവരുടെയും തീക്ഷ്ണമായ പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും തുടർന്നും ഈ ദിവസങ്ങളിൽ ഉണ്ടാവണമെന്നും ഓർമ്മിപ്പിക്കുന്നു.
4. പതിനായിരം രൂപായിൽ കൂടുതൽ പണമായി കൊടുക്കുകയോ വാങ്ങുകയോ ചെയ്യുവാൻ സ്ഥാപനങ്ങളെ ആദായനികുതി നിയമം അനുവദി ക്കുന്നില്ല. കൂടുതൽ തുകകൾ സ്വീകരിക്കേണ്ടി വരുമ്പോഴും കൊടുക്കേണ്ടി വരുമ്പോഴും Cheque or Bank Transfer ആയി മാത്രം ചെയ്യേണ്ടതാണെന്നുള്ള കാര്യം അറിവുള്ളതാണല്ലോ.

ആയതിനാൽ നേരിട്ടു സംഭാവന നൽകുന്നവർക്ക് രസീത് നൽകുവാനും ടി തുകയും പിരിച്ചെടുക്കുന്ന തുകയും Cheque or

Bank Transfer മുഖേന രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാനും വേണ്ട ക്രമീകരണം ചെയ്യുമല്ലോ.

തുക Bank Transfer മുഖേന നൽകുന്നവർ താഴെ കൊടുത്തിരിക്കുന്ന Bank Details ശ്രദ്ധിക്കുക.

| | |
|---|---|
| Account Holder : | Bishop of Palai |
| | Bishop's House, Pala – 686 575 |
| Account Number: | SB A/c No. 0062053000007255 |
| IFSC: | SIBL 0000062 (Pala) |

(Bank Transfer മുഖേന നൽകുന്നവർ അക്കാര്യം രൂപതാ പ്രൊക്കുറേറ്ററച്ചനെ Phone or Email അറിയിക്കേണ്ടതാണ്)

എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 17.08.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

N.B: ഈ സർക്കുലർ 2018 ആഗസ്റ്റ് 19-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കാൻവേണ്ടി ഇ-മെയിൽ ചെയ്യപ്പെട്ടതാണ്.

ദുരിതാശ്വാസത്തിനായി ലഭിച്ച സംഭാവനകളും പിരിച്ച തുകയും ഇനിയും ഏല്പിക്കാനുള്ള ഇടവകകൾ എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏല്പിക്കുക. 623-ാം പേജിലെ നമ്പർ 4 പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

# Announcement

(Already declared)

Dear Very Rev / Rev. Fathers,

The continued heavy rain fall and the unimaginable flood caused great disasters to a large number of our people all over Kerala. In association with our suffering bretheren we set aside all celebrations and wish to help the poor people without distinction of caste and creed of our area coming under the diocese of Palai with five kilo (05 kg) rice per family. Dear Rev. Fr. Vicars, kindly convey the matter to the needy of your area and send them for receiving this assistance to the Bishop's House, Palai on Thursday 23rd August 2018 from 10 am to 05 pm.

Eparchy of Palai
21-08-2018

**Bishop Joseph Kallarangatt**
Bishop, Eparchy of Palai

**പാലാ രൂപതാ**

## പ്രസ്ബിറ്ററൽ കൗൺസിൽ സമ്മേളനം

**2018 സെപ്തംബർ 4 ചൊവ്വാഴ്ച**

**രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ**

**അൽഫോൻസിയൻ സ്പിരിച്വാലിറ്റി സെന്റർ**

**ഭരണങ്ങാനം**

Prot.No.1522/2018
22 August 2018

# സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

പ്രളയത്തിന് ഏറെക്കുറെ ശമനമായി. മഴമൂലവും അണക്കെട്ടുകൾ തുറന്നതുമൂലവുമുള്ള വെള്ളത്തിന്റെ വരവും നിലച്ചിട്ടുണ്ട്. എങ്കിലും പടിഞ്ഞാറൻ പ്രദേശങ്ങളിൽ വിശിഷ്യ, കുട്ടനാട്, ചെങ്ങന്നൂർ മുതലായ പ്രദേശങ്ങളിൽ പല വീടുകളും ഇപ്പോഴും വെള്ളക്കെട്ടിലാണ്. ദുരിതാശ്വാസപ്രവർത്തനങ്ങളും ജനങ്ങളുടെ പുനരധിവാസവുമാണ് ഇനി നമ്മുടെ മുമ്പിലുള്ള പ്രധാന ധർമ്മം. സർക്കാരും ഉദ്യോഗസ്ഥരും സഭയും പലതലങ്ങളിലുള്ള സന്നദ്ധ സംഘടനകളും ഈ രംഗത്ത് കൈകോർത്ത് പ്രവർത്തിക്കുന്നുണ്ട് എന്നത് വളരെ ആശ്വാസകരമായ വസ്തുതയാണ്. യുവജനങ്ങളുടെ സാന്നിദ്ധ്യവും സജീവമാണ്.

കേരളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന് സർക്കാരിന്റെ പരിശ്രമങ്ങളെ സഹായിക്കുക എന്നത് നമ്മുടെ കടമയാണ്. കെ.സി.ബി.സി യുടെ പ്രസിഡന്റ് കേരളത്തിലെ കത്തോലിക്കാ സഭയ്ക്കു വേണ്ടി ഒരു കോടി രൂപാ മുഖ്യമന്ത്രിയെ ഏൽപ്പിച്ചു. ഇതര ക്രൈസ്തവ സഭകളും അപ്രകാരം സംഭാവനകൾ നൽകിയിട്ടുണ്ട്. കെ.സി.ബി.സി യുടെ സംഭാവനയിൽ സീറോ മലബാർ സഭയുടെ പങ്കും ഉണ്ടെന്നു നിങ്ങൾക്കറിയാമല്ലോ.സീറോ മലബാർ സഭയുടെ പൊതുവായ ആഭിമുഖ്യത്തിൽ പിരിക്കുന്ന മുഴുവൻ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്കു നൽകുന്നതാണ്. സർക്കാരിന്റെ പുനരധിവാസപ്രവർത്തനങ്ങളോട് സഹകരി ക്കുന്നതോടൊപ്പം നമ്മുടെ രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന പുനരുദ്ധാരണപ്രവർത്തനങ്ങൾക്കും സാമ്പത്തികം ആവശ്യമാണല്ലോ. അത്തരം പ്രവർത്തനങ്ങൾക്കും എല്ലാവരും സഹായ സഹകരണങ്ങൾ നൽകി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദുരിതാശ്വാസപ്രവർത്തനങ്ങൾ നാം നിർവഹിച്ച രീതി കേരളജനതയുടെ ഒത്തൊരുമയുടെയും ഐക്യദാർഢ്യത്തിന്റെയും ഉത്തമ നിദർശനമായിരുന്നു. അതിൽ മത്സ്യത്തൊഴിലാളികൾ നിർവഹിച്ച പങ്ക് അവിസ്മരണീയമാണ്. പ്രധാനമായും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ പ്രദേശങ്ങളിൽ നിന്നു വന്ന മത്സ്യത്തൊഴിലാളികളാണ് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. പത്തനംതിട്ട, ചെങ്ങന്നൂർ, കുട്ടനാട് എന്നിവിടങ്ങളിൽ ആയിരങ്ങളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചത് അവരുടെ സാഹസികമായ യത്നത്തിലൂടെയാണ്. ആരും ആവശ്യപ്പെട്ടിട്ടല്ല അവർ വന്നത്; സ്വമേധയാ വള്ളങ്ങളും ബോട്ടുകളുമായി വന്നു. നഷ്ടങ്ങളെക്കുറിച്ചോ, ചെലവുകളെക്കുറിച്ചോ അവർ ചിന്തിച്ചില്ല. അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കുകയാണ് ചെയ്തത്. നമ്മുടെ കടലോരമക്കളുടെ വിശ്വാസത്തിന്റെയും സഹോദരസ്നേഹത്തിന്റെയും വലിയ ഒരു സാക്ഷ്യമാണ് ഇവിടെ പ്രകടമായത്. അവരിലൂടെ ദൈവത്തിന്റെ മഹത്വം ഈ സന്ദർഭത്തിൽ പ്രകാശിതമാകുകയായിരുന്നു.

ദുരിതാശ്വാസക്യാമ്പുകളിൽ കഴിഞ്ഞ ലക്ഷക്കണക്കിനാളുകൾക്ക് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വലിയൊരു സാക്ഷ്യം നൽകുവാൻ എത്രയോ പേർ സന്നദ്ധരായി. ഇപ്പോഴും ക്യാമ്പുകൾ നിലനിൽക്കുന്ന സ്ഥലങ്ങൾ ഉണ്ട്. അതുപോലെ സൈന്യത്തിന്റെയും പോലീസിന്റെയും സേവനവും സമർപ്പണത്തിന്റെ സാധകപാഠമായിരുന്നു. സഭയുടെ ഭാഗത്തുനിന്ന് സോഷ്യൽ സർവീസ് സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ മെത്രാന്മാരും വൈദികരും ചേർന്നു നടത്തിയ രക്ഷാപ്രവർത്തനങ്ങളെ സ്നേഹപൂർവം അഭിനന്ദിക്കുന്നു. "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി. 5 : 16) എന്ന സുവിശേഷ വചനം ഇവിടെ അന്വർത്ഥമായി. പ്രളയത്തിൽ ജീവഹാനി സംഭവിച്ചവരെയും അവരുടെ ദു:ഖിതരായ കുടുംബാംഗങ്ങളെയും നമുക്ക് ദൈവകാരുണ്യത്തിന് സമർപ്പിക്കാം.

ഉരുൾപൊട്ടൽമൂലവും മണ്ണിടിച്ചിൽ മൂലവും കെട്ടിടങ്ങൾ ഇടിഞ്ഞുവീണതുമൂലവും കുടുംബങ്ങൾ മുഴുവനായി തിരോധാനം ചെയ്ത ദു:ഖസംഭവങ്ങളും ഉണ്ടല്ലോ. ഇത്തരം സംഭവങ്ങളിൽ ദു:ഖിതരായിരിക്കുന്നവർക്ക് ആശ്വാസത്തി ന്റെയും കരുതലിന്റെയും സഹായഹസ്തങ്ങൾ നീട്ടുവാൻ നമുക്ക് പരിശ്രമിക്കാം. ഈ പ്രള യത്തിന്റെ പ്രഹരത്തിൽ നാം ഭഗ്നാശരാകേണ്ടതില്ല. ദൈവം നമ്മോ ടുകൂടയെുണ്ട്. മനുഷ്യന്റെ ദൗർബല്യങ്ങൾ തിന്മകൾ സൃഷ്ടിക്കു ന്നതുപോലെ പ്രകൃതിയുടെ ദൗർബല്യവും ഈ പ്രളയത്തിൽ പ്രക ടിതമായി എന്ന് മനസ്സിലാക്കുകയാണ് വേണ്ടത്. എല്ലാ നഷ്ട ങ്ങൾക്കും ദൈവം പരിഹാരം തരും. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിലുള്ള പ്രത്യാശ കൈവെടിയാതെ നമുക്കൊന്നിച്ചു മുന്നേറാം. കാരുണ്യവാനായ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ !

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018-ാം ആണ്ട് ആഗസ്റ്റ് മാസം 22-ാം തിയതി നൽകപ്പെട്ടത്.

---

NB ഈ സർക്കുലർ ഓഗസ്റ്റ് 26-ാം തീയതി ഞായറാഴ്ച കുർബാനയുള്ള എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ ഉള്ള ടക്കം ജനങ്ങളെ അറിയിക്കുകയോ ചെയ്യാൻവേണ്ടി ഇ-മെയിൽ ചെയ്യപ്പെട്ടതാ ണ്.

# കച്ചേരിക്കാര്യം

# Transfer and Appointment

## (September 2018)

| | |
|---|---|
| Very Rev.<br>Fr. Maleparambil Joseph | Co-Ordinator, Mission for Evangelization & Pastoral Care at Central Gujarat entrusted to the Eparchy of Palai by the Eparchy of Shamshabad (He will continue as Syncellus, Eparchy of Palai) |
| Very Rev.<br>Fr. Vethanath Sebastian | Syncellus (in charge of the On Going Formation of Priests, Mount Nebo Eparchial Retreat Centre - Vagamon, Bible Convention, Mar Aprem Seminary - Pala, Seminarians on Regency, Industrial Estate, Golden Jubilee Cultural Museum, Sea View Estate - Parathanam and Green Valley Estate – Koothrapally) |
| Rev. Fr. Mathew Kizhakkearanjaniyil | Director, Pala Caritas Educational Aid Fund, Palai (additional) |

| | |
|---|---|
| Rev. Fr. Vellamaruthunkal Jacob | Pastoral Ministry, Gujarat Mission in the Eparchy of Shamshabad |
| Rev. Fr. Kavumpuram George | Pastoral Ministry, Gujarat Mission in the Eparchy of Shamshabad |
| Rev. Fr. Palackathadathil Abraham | Director, Family Apostolate |
| Rev. Fr. Mathew Ammoottukunnel | Assistant Rector, Savio Home, Neeloor |
| Rev. Fr. Parekkattu Emmanuel | Professor, Good Shepherd Minor Seminary, Karoor, Pala & relieved, Asst. Vicar, Bharananganam |
| Rev. Fr. Joseph Purayidathil | Warden, St. Thomas Hostel & Chief Warden, for the hostels of SJCET & relieved from Assistant Warden, St. Alphonsa Hostel, SJCET, Choondachery |
| Rev. Fr. Mathew Chennattu | Vicar, Payyanithottam & Assistant Director, Santhwana Institute of Counselling and Guidance, Pala |
| Rev. Fr. Thomas Thayyil | Secretary to H.E. Mar Joseph Kallarangatt, the Bishop |
| Rev. Fr. Joseph Kizhakekutt | Licentiate Studies at Pontifical Lateran University, Rome |

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Palliparampil George | September 7 |
| Pampara Joseph | September 8 |
| Panackakuzhiyil Thomas | September 9 |
| Panampuzha Joseph | September 10 |
| Pandaraparambil Jacob | September 11 |
| Pandiamackal Jospeh | September 12 |
| Panthalanickal Mathew | September 13 |
| Panthiruvelil Martin | September 14 |
| Parackal Paul | September 15 |
| Parackal Thomas | September 16 |
| Parampithadathil Joseph | September 17 |
| Paraplackal Augustin | September 18 |
| Paraplackal Paul | September 19 |
| Parathotty Mathew | September 20 |
| Paravummel Joseph | September 21 |
| Parekkattu Emmanuel | September 22 |
| Parakunnel George | September 23 |
| Pariath Joseph | September 24 |
| Pariyappanal Johnson | September 25 |
| Paruthiparayil Thomas | September 26 |
| Pathickelputhenpurayil Kuriakose | September 27 |
| Pattery Thomas | September 28 |
| Pazheparampil George | September 29 |
| Pazheparampil Sebastian | September 30 |
| Periappuram Emmanuel | October 1 |
| Pinakkattu Mathew | October 2 |
| Polachirakunnumpuram George | October 3 |
| Ponnamvarickayil George | October 4 |
| Poovathinkal Joseph | October 5 |
| Poovathumkal Jose | October 6 |
| Porunnolil James | October 7 |

# അൽഫോൻസാ : ഹൃദയം ദൈവത്തിനു കൈമാറിയ വിശുദ്ധ

*ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്*

ദൈവവചനം ശ്രവിച്ച് സുവിശേഷത്തെ ജീവിത നിയമമാക്കിയ പുണ്യവതിയാണ് വി. അൽഫോൻസാ. വി.അൽഫോൻസായുടെ ജീവിതം ദൈവവചനത്തിന്റെ സുന്ദരവും ലളിതവുമായ വ്യാഖ്യാന മാണ്. ദൈവമാകുന്ന വിതക്കാരൻ ഭാരത സഭയിൽ വിത്തുവിതച്ച 'നല്ല നിലം' ആണ് വി. അൽഫോൻസാ. ഈശോയുടെ വാക്കുക ളെപ്പറ്റിയും പ്രവൃത്തികളെപ്പറ്റിയും ധ്യാനിച്ച പരി. മറിയത്തെയും കർത്താവിന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം കേട്ടിരുന്ന ബഥാനിയാ യിലെ മറിയത്തെയും വി. അൽഫോൻസായിൽ നാം കണ്ടെത്തു ന്നു. "വിശുദ്ധ ലിഖിതങ്ങൾ കൂടെക്കൂടെ വായിക്കുക, യഥാർത്ഥ ത്തിൽ വി.ഗ്രന്ഥം നിങ്ങളുടെ കയ്യിൽ ഒരിക്കലും ഇല്ലാതിരിക്കരുത്, നിങ്ങൾ പഠിപ്പിക്കേണ്ടത് അതിൽനിന്നും പഠിക്കുക" എന്ന വി. ജറോ മിന്റെ വാക്കുകൾ വി. അൽഫോൻസായുടെ ജീവിതത്തിൽ അന്വർത്ഥമായി. സമർപ്പണ ജീവിതത്തിൽ ദൈവവചനത്തിന്റെ കേന്ദ്രീയത തിരിച്ചറിഞ്ഞ സന്ന്യാസിനിയായിരുന്ന വി. അൽഫോ ൻസാ. ദൈവശാസ്ത്രജ്ഞനായ തെയ്യാർദ് ഷർദ്ദാൻ പറയുന്നതു പോലെ വ്യക്തി കേന്ദ്രീകൃതരായി ജീവിക്കാതെ ദൈവകേന്ദ്രീകൃ തമായി ജീവിക്കുവാൻ ഒരാളെ സഹായിക്കുന്നത് തിരുവചനമാ ണെന്ന് വി.അൽഫോൻസായും തിരിച്ചറിഞ്ഞു. "ഞാൻ സുവിശേ ഷത്തെ നോക്കുമ്പോൾത്തന്നെ ഈശോയുടെ ജീവിതത്തിന്റെ സുഗന്ധം ഞാൻ ശ്വസിക്കുന്നു. എങ്ങോട്ടാണ് ഓടേണ്ടതെന്ന് എനി ക്കറിയുകയും ചെയ്യാം" എന്ന വി. കൊച്ചുത്രേസ്യായുടെ ആത്മീയ ദർശനം അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളുവാൻ വി.അൽഫോ ൻസായ്ക്കു കഴിഞ്ഞു. വിശുദ്ധ എഴുതി: "ഒരു പുണ്യവതിയാകണ മെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു".

ദൈവവചനത്തെ മനസ്സിലാക്കുന്നവർ തേനീച്ചകളെപ്പോലെ യാണ്. കാരണം, മറ്റ് മൃഗങ്ങൾക്കും പക്ഷികൾക്കും പൂക്കളുടെ നിറവും മണവും ആസ്വദിക്കുവാൻ മാത്രമേ കഴിയൂ. എന്നാൽ തേനീ

ച്ചയാകട്ടെ പൂക്കളുടെ മധു നുകരുന്നു. ദൈവവചനമാകുന്ന പുഷ്പ ത്തിന്റെ മാധുര്യമുള്ള തേൻനുകർന്ന വിശുദ്ധയാണ് അൽ ഫോൻസാ. ഒരാൾക്കു മരണശേഷവും ആവശ്യമുള്ളത് പുണ്യമാ ണെന്ന് വചന മനനത്തിലൂടെ വി. അൽഫോൻസാ തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് വി.അൽഫോൻസാ പറഞ്ഞത് “മാമ്മോദീസായിൽ കിട്ടിയ പ്രസാദവരം ഇതുവരെയും നഷ്ടപ്പെടാതെ കാത്തുസൂക്ഷി ക്കുവാനുള്ള അനുഗ്രഹം ദൈവം എനിക്കു തന്നു എന്ന്”.

ദൈവത്തെ ഉപേക്ഷിച്ച ലോകത്തിനും വ്യക്തികൾക്കും, മഹത്ത്വം നഷ്ടപ്പെട്ടുവെന്ന് വി. അൽഫോൻസാ നമ്മെ പഠിപ്പിക്കു ന്നു. ദൈവമില്ലാതെ ശരിയായ മാനവീകതയില്ല എന്നതാണ് പരമ സത്യം. സഭാ പിതാവായ ഗ്രിഗറി നസിയാൻസൻ ദൈവവചനത്തെ ക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്. “വചനത്തിന്റെ ദാസനെന്ന നിലയിൽ ദൈവവചനത്തിന്റെ ശുശ്രൂഷ ചെയ്യാൻ ഞാൻ ആഗ്രഹി ക്കുന്നു. ഞാൻ ഒരിക്കലും ഈ നന്മയിൽനിന്നും അകന്നുമാറുക യില്ല. വചനത്തെ വായിക്കുകയും, പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നത് മഹത്തരമായ ശുശ്രൂഷയാണ്. മറ്റെല്ലാക്കാര്യങ്ങളേ ക്കാൾ സന്തോഷം ഞാൻ ഇതിൽനിന്നും അനുഭവിക്കുന്നു”. വി. അൽഫോൻസായുടെ ജീവിതത്തിന്റെ സംതൃപ്തിയുടെ ഉറവിടം ദൈവത്തോടും ദൈവവചനത്തോടുമുള്ള ഈ താത്പര്യമായി രുന്നു. വി. അൽഫോൻസാ ഒരിക്കൽ എഴുതി: “വിശുദ്ധവും വില യേറിയതും ചെലവാക്കാനുള്ളവരാണ് നാം, കർത്താവിനുവേണ്ടി ത്തന്നെ, അവിടുത്തെ അനുഗ്രഹവചസുകൾക്ക് അർഹരാകുവാൻ”. ദൈവവചനം ആഴത്തിൽ മനസിലാക്കിയതുകൊണ്ടാണ് ശരിയായ ദൈവികതയും, മാനവികതയും ഉൾക്കൊള്ളുവാൻ വി.അൽ ഫോൻസായ്ക്കു കഴിഞ്ഞത്.

ദൈവവചനത്തിന്റെ രണ്ടു തലങ്ങളാണ് വചനത്തിന്റെ കുരിശും (Verbum crucis) വചനത്തിന്റെ വിജ്ഞാനവും ( Sapientia verbi). വി. അൽഫോൻസ വചനത്തിന്റെ ഈ രണ്ടു തലങ്ങളും സ്വന്തമാക്കിയ വിശുദ്ധയാണ്. വി.അൽഫോൻസായുടെ സമർപ്പിത ജീവിതത്തിന്റെ അടിസ്ഥാനം ദൈവവചന ശ്രവണവും, സുവിശേ ഷത്തെ ജീവിതനിയമമാക്കി സ്വീകരിച്ചതുമായിരുന്നു. ദൈവവചന ത്തിന്റെ അർത്ഥതലങ്ങളെ ഉൾക്കൊള്ളേണ്ടതു കൊണ്ടാണ്

വി. അൽഫോൻസാ ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നത് "ഒരു പൂർണ്ണ കന്യാസ്ത്രി ആകാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. അതും പോരെങ്കിൽ കർത്താവിനോടുകൂടി പീഡകൾ സഹിക്കുവാനുള്ള പ്രത്യേകവരവും ദൈവം എനിക്ക് പ്രദാനം ചെയ്തു. അതിൽപ്പരം എന്താണ് എനിക്കു വേണ്ടത്". വി. അൽഫോൻസാ ഒരു നല്ല കല വറക്കാരിയാണ്. വി.അൽഫോൻസായുടെ ഹൃദയമാകുന്ന കലവറ യിൽ ദൈവവചനത്തിന്റെ സ്നേഹവും ദയയും കരുണയും ക്ഷമയും നിറഞ്ഞിരുന്നു. മഹാനായ ഗ്രിഗറി പഠിപ്പിച്ചതു പോലെ "ദൈവിക വചനങ്ങൾ അവ വായിക്കുന്നവനോടൊപ്പമാണ് വളരുന്നത്". വി. അൽഫോൻസായിൽ ദൈവവചനത്തിന്റെ വിളവിന്റെ നൂറ്മേനി നാം കാണുന്നു.

"നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക" (സുഭാ 4:23). സ്നേഹത്തെ കളങ്കപ്പെടുത്തുന്നവയിൽ നിന്നെല്ലാം ഹൃദയത്തെ കാത്തു സൂക്ഷിക്കുന്നതാണ് വിശുദ്ധിയെന്ന് വി. അൽഫോൻസാ നമ്മെ പഠിപ്പിക്കുന്നു. ശ്രദ്ധ പിടിച്ചുപറ്റുന്ന പ്രശ സ്തിയും അംഗീകാരവും ലഭിക്കുന്ന വലിയ കാര്യങ്ങൾ ചെയ്യുന്ന തിനാണ് അനേകർക്ക് താത്പര്യം. വലിയ കവാടങ്ങളും വിസ്തൃ തമായ വഴികളും വേഗം ശ്രദ്ധിക്കപ്പെടുന്നത് ലോകത്തിന്റെ ദൃഷ്ടി യിലാണ്. എന്നാൽ ദൈവം ശ്രദ്ധിക്കുന്നത് ചെറിയ കാര്യങ്ങളാണ്; ഒരു വിരുന്നിൽ വീഞ്ഞു തീർന്നുപോയെന്ന കൊച്ചുകാര്യം, നൂറ് ആട് ഉണ്ടായിരിക്കെ ഒരു ആട് നഷ്ടപ്പെട്ടന്ന കൊച്ചുകാര്യം, ഒരു വിധവ രണ്ട് ചെമ്പ് തുട്ടുകൾ നേർച്ചയിട്ട കൊച്ചുകൊര്യം, മണവാ ളൻ വരാൻ വൈകിയാൽ വിളക്കിൽ എണ്ണ കരുതണം എന്ന കൊച്ചു കാര്യം, ശിഷ്യന്മാരോട് എത്രയപ്പം കൈവശമുണ്ടെന്നന്വേഷിക്കുന്ന കൊച്ചുകാര്യം, ഒരു പാത്രം പച്ചവെള്ളമെന്ന കൊച്ചുകാര്യം., ഭോഷൻ, വിഡ്ഢി എന്നൊക്കെ വിളിക്കരുതെന്ന കൊച്ചുകാര്യം. കൊച്ചുകാര്യങ്ങൾ ദൈവത്തിനു വളരെ പ്രധാനപ്പെട്ടവയാണെ ന്നാണ് വി.അൽഫോൻസാ മനസിലാക്കിയത് ഹൃദയത്തെ ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ ജാഗ്രതയോടെ കാത്തുസൂക്ഷിച്ച തുകൊണ്ടാണ്.

ഒരിക്കൽ വി. അൽഫോൻസാ പറഞ്ഞു "കർത്താവിനോട് എപ്പോഴും വിശ്വസ്തയായിരിക്കുവാൻ ഞാൻ ആഗ്രഹിച്ചു. വാക്കു

മാറുന്നതിനേക്കാൾ മരിക്കുന്നതാണെനിക്കിഷ്ടം". ദൈവവചന കേന്ദ്രിത ജീവിതമാണ് വി. അൽഫോൻസായ്ക്ക് ഈശോയാകുന്ന ഇടുങ്ങിയ വാതിലിലൂടെ ദൈവരാജ്യത്തിന്റെ അകത്തു പ്രവേശി ക്കുവാനുള്ള ധൈര്യവും ശക്തിയും നൽകിയത്. വചനബന്ധിത മായ ആത്മീയതക്കുറിച്ച് വാഴ്ത്തപ്പെട്ട ന്യൂമാന്റെ ചിന്തകൾ അൽഫോൻസായുടെ ആധ്യാത്മികതയുടെ മനോഹരമായ ഒരു വ്യാഖ്യാനമാണ്. ന്യൂമാൻ എഴുതി "ദൈവത്തിൽ ഞാൻ ആശ്ര യിക്കും, ഞാൻ രോഗിയാണെങ്കിൽ എന്റെ രോഗത്തിലൂടെ ഞാൻ ദൈവത്തെ സേവിക്കും, ഞാൻ ചഞ്ചലചിത്തനാണെങ്കിൽ എന്റെ അസ്വസ്ഥതയിലൂടെ ഞാൻ ദൈവത്തെ തേടും. ദൈവം ഒരിക്കലും ഒരു കാര്യവും വ്യർത്ഥമായി ചെയ്യുന്നില്ല. എന്റെ ആയുസ് നീട്ടിക്കി ട്ടിയാലും കുറഞ്ഞാലും ദൈവം അത് അറിയുന്നു. എന്റെ സുഹൃ ത്തുക്കളും, ബന്ധുക്കളും എന്നിൽ നിന്ന് അകന്നാലും ദൈവം അത് മനസിലാക്കുന്നു. അപരിചിതരുടെ ഇടയിലേയ്ക്ക് ഞാൻ വലിച്ചെ റിയപ്പെട്ടാലും ഏകാന്തതയിലും, ഒറ്റപ്പെടലിലും ആണെങ്കിലും പൂർണ്ണമായും ഞാൻ ദൈവത്തിൽ ആശ്രയിക്കും". വി. അൽഫോൻ സായുടെ ജീവിതത്തിന്റെ രത്നചുരുക്കവും ഇതു തന്നെയാണ്. വച നബന്ധിത ആത്മീയതയുടെ പാഠപുസ്തകമാണ് വി. അൽഫോ ൻസാ. "നിങ്ങളുടെ നിക്ഷേപം എവിടെയാണോ അവിടെയാണ് നിങ്ങളുടെ ഹൃദയം" (മത്തായി 6:21).

ഹൃദയം ദൈവത്തിന് കൈമാറിയ സമർപ്പിതയാണ് വി. അൽ ഫോൻസാ. സഭാപിതാവായ ക്രിസോസ്തോം പൗലോസ് ശ്ലീഹാ യെപ്പറ്റി ഒരിക്കൽ പറഞ്ഞു – "ക്രിസ്തുവിന്റെ ഹൃദയമായിരുന്നു പൗലോസിന്റെ ഹൃദയം". ഇതുപോലെ ഈശോയുടെ ഹൃദയം ദൈവവചനത്തിലൂടെ സ്വന്തമാക്കിയ വിശുദ്ധയാണ് അൽഫോ ൻസാ. ദൈവവചന പാലനത്തിലൂടെ ഈശോയുടെ ഹൃദയം സ്വന്ത മാക്കുവാൻ വി. അൽഫോൻസാ നമ്മെ പഠിപ്പിക്കുന്നു.

---

(2018 ജൂലൈ 28–ാം തീയതി ശനിയാഴ്ച ദീപികദിനപത്രത്തിൽ പ്രസിദ്ധീ കരിച്ച ലേഖനം)

# വാർത്തകൾ




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

കേന്ദ്രമന്ത്രി ശ്രീ. അൽഫോൻസ് കണ്ണന്താനം
ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം (ചങ്ങനാശ്ശേരി അതിരൂപത)
മാർ മാത്യു അറയ്ക്കൽ (കാഞ്ഞിരപ്പള്ളി രൂപത)
മാർ ജോർജ് രാജേന്ദ്രൻ (തക്കല രൂപത)
മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത)
മാർ ജേക്കബ് മുരിക്കൻ (പാലാ രൂപത)
മാർ ജോസഫ് പള്ളിക്കാപറമ്പിൽ (പാലാ രൂപത)
മാർ തോമസ് തറയിൽ (സഹായമെത്രാൻ ചങ്ങനാശ്ശേരി അതിരൂപത)
മാർ ജേക്കബ് തൂങ്കുഴി (ബിഷപ്പ് എമരിത്തൂസ്)
മാർ ജോസഫ് ശ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ രൂപത)
ബിഷപ്പ്സ് സിമൊണെ ജസ്തി (ലിവോർണോ രൂപത, ഇറ്റലി)
ബിഷപ്പ് വിൻസെന്റ് മാർ പൗലോസ് (മാർത്താണ്ഡം ബിഷപ്പ്)
ശ്രീ. കെ.എം. മാണി എം.എൽ.എ.
ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.
ഡോ. ബാബു സെബാസ്റ്റ്യൻ (വൈസ് ചാൻസലർ എം.ജി. സർവ്വകലാശാലാ)

**2. ഇന്റർ എപ്പാർക്കിയൽ മീറ്റിംഗ്**

ചങ്ങനാശ്ശേരി പ്രൊവിൻസിനു കീഴിലുള്ള പാലാ, കാഞ്ഞിരപ്പള്ളി, തക്കല രൂപതകളുടെ സംയുക്ത സമ്മേളനം അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽ നടന്നു. രൂപതയിലെ മെത്രാന്മാരും വികാരി ജനറാളന്മാരും കൂരിയ അംഗങ്ങളും പാസ്റ്ററൽ സെന്ററിലെ വൈദികരും ഉൾപ്പെടെ 60 പേർ സമ്മേളനത്തിൽ പങ്കെടുത്തു.

**3. കേന്ദ്രമന്ത്രി കണ്ണന്താനത്തിന്റെ സന്ദർശനം**

കേന്ദ്രമന്ത്രി ശ്രീ. അൽഫോൻസ് കണ്ണന്താനം ഭാര്യാസമേതം തീർത്ഥാടന കേന്ദ്രത്തിലെത്തി പ്രാർത്ഥിച്ചു. തീർത്ഥാടന കേന്ദ്രത്തിന്റെ വികസന ആവശ്യങ്ങളെക്കുറിച്ച് തീർത്ഥാടന കേന്ദ്രത്തിലെ വൈദികരുമായി ചർച്ച ചെയ്തു. കേന്ദ്രത്തിൽനിന്ന് ആവശ്യമായ സഹായങ്ങൾ നൽകുമെന്ന് വാഗ്ദാനം ചെയ്തു.

# വിശ്വാസപരിശീലനകേന്ദ്രം

**1. രൂപത കലോത്സവം റദ്ദ് ചെയ്തു.**

മഹാപ്രളയം സംജാതമാക്കിയ ദുരന്തസാഹചര്യം പരിഗണിച്ച് ഈ വർഷത്തെ മേഖല-രൂപത തല കലോത്സവങ്ങൾ റദ്ദ് ചെയ്തു. കലോത്സവത്തിനു ചെലവാകുന്ന പണവും മിഷൻലീഗിന്റെ ഭവനസന്ദർശനത്തിലൂടെ ലഭിക്കുന്ന തുകയും ചേർത്ത് ദുരിതാശ്വാസപ്രവർത്തിനായി അഭിവന്ദ്യ രൂപതാദ്ധ്യക്ഷനെ ഏല്പിക്കുന്നതാണ്. സൺഡേ സ്കൂൾ സമാഹരിക്കുന്ന തുക ആഗസ്റ്റ് 30ന് മുമ്പ് രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏൽപിച്ച് രസീതു വാങ്ങേണ്ടതാണ്.

**2. സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചു**

2018 മെയ് 5-ാം തീയതി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയുടെ ഫലങ്ങൾ പ്രസിദ്ധീകരിച്ചു. പഠനത്തിനുള്ള എവർറോളിംഗ് ട്രോഫികൾ താഴെപറയുന്ന സൺഡേസ്കൂളുകൾ കരസ്ഥമാക്കി. സമ്മാനങ്ങൾ ജനുവരി 26-ാം തീയതി അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നൽകുന്നതായിരിക്കും.

| | | |
|---|---|---|
| എ. വിഭാഗം - | Ist | ഗാഗുൽത്താ |
| | IInd | പിറവം |
| ബി.വിഭാഗം | Ist | അറക്കുളം ന്യൂ |
| | IInd | മേലുകാവുമറ്റം |
| സി. വിഭാഗം | Ist | തീക്കോയി |
| | IInd | കുറവിലങ്ങാട് |

**3. ഒന്നാം ടേം വിശ്വാസപരിശീലനപരീക്ഷ ഒക്ടോബർ 21-ന്**

പ്രകൃതി ദുരന്തം വിശ്വാസപരിശീലന ക്ലാസുകളെ കാര്യമായി ബാധിച്ചിട്ടില്ലാത്തതിനാൽ വിശ്വാസപരിശീലനപരീക്ഷ മുൻകൂട്ടി അറിയച്ചപ്രകാരം ഒക്ടോബർ 21-ാം തീയതി ഞായറാഴ്ച നടക്കുന്നതാണ്. ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസുകൾക്ക് രാവിലെ 11 മുതൽ 1 വരെയും എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസുകൾക്ക് 2 മുതൽ 4 വരെ പരീക്ഷ നടക്കും. പരീക്ഷയുടെ ചോദ്യക്കടലാസുകൾ 20-ാം തീയതി ശനിയാഴ്ച 9.30 മുതൽ 5 വരെ വിതരണം ചെയ്യുന്നതാണ്.

**4. സി.ടി.പി. കോഴ്സ്**

വിശ്വാസ പരിശീലകരുടെ സി.ടി.പി. കോഴ്സ് ഓഗസ്റ്റ് 11,22,28 തീയതികളിൽ നടന്നു. സെപ്തംബർ 8,20,21 തീയതികളിൽ യഥാക്രമം ബൈബിൾ, മോറൽ തിയോളജി, പട്രോളജി എന്നീ വിഷയങ്ങളുടെ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്.

**5. രചനാ മത്സരം**

പാലാ രൂപതാ രചനാമത്സരം ഓഗസ്റ്റ് 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കും.

# മിഷൻലീഗ് വാർത്തകൾ

**1. മേഖല ഭാരവാഹികളുടെ ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയിലെ മേഖലാ ഭാരവാഹികളുടെ ക്യാമ്പ് ആഗസ്റ്റ് 4-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ നടന്നു. വൈകുന്നേരം 6.30 ന് റംശാ പ്രാർത്ഥനയോടെ ആരംഭിച്ച ക്യാമ്പിൽ സംസ്ഥാന സമിതി അംഗം അരുൺ ജോസഫ് ക്ലാസ് നയിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. തോമസ് അടുപ്പുകല്ലുങ്കൽ സംസാരിച്ചു. ഭാരവാഹികൾ നാലു റീജിയണുകളായി തിരിഞ്ഞ് ചർച്ച നടത്തി. രൂപത വൈസ് പ്രസിഡന്റായി ആൻസി ഫ്രാൻസീസ് ഐക്കരക്കുന്നേൽ, ജോ. സെക്രട്ടറിയായി എലിസബത്ത് ജോണി ആറുതൊട്ടിയിൽ, അരുവിത്തുറ റീജിയൺ ഓർഗനൈസറായി ജോബിൻ സ്കറിയ കണിപറമ്പിൽ എന്നിവരെ തെരഞ്ഞെടുത്തു. സി. സുദീപ സി.എം.സി., ജോബി ആലയ്ക്കാപറമ്പിൽ, മനു ചെറുകാട്ടിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**2. കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെയും പാലാ രൂപതയുടെയും സംയുക്താഭിമുഖ്യത്തിൽ സ്ഥാപക നേതാവ് പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) അനുസ്മരണം നടത്തി. ചെമ്മലമറ്റം പന്ത്രണ്ടുശ്ലീഹന്മാരുടെ പള്ളിയിൽ ആഗസ്റ്റ് 11-ാം തീയതി രാവിലെ 9.30 ന് വി. കുർബാനയും കബറിടത്തിങ്കൽ പ്രാർത്ഥനയും നടത്തി. തുടർന്നു നടന്ന അനുസ്മരണസമ്മേളനം ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ആൻസ് മാത്യു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോബി പൂച്ചുക്കണ്ടത്തിൽ, ഫാ. സഖറിയാസ് ആട്ടപ്പാട്ട്, ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ, ഫാ. പ്രകാശ് മണ്ണൂരെട്ടൊന്നിൽ, ഫാ. മാത്യു തുരുത്തിപ്പള്ളിൽ, രൂപതാ പ്രസിഡന്റ് തോമസ് അടുപ്പുകല്ലുങ്കൽ, ജോബിൻ കണിപറമ്പിൽ, സി. ഷൈനി സി.വി.എം., സംസ്ഥാന സെക്രട്ടറി, ഷിനോ മോളോത്ത് എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ഓർഗനൈസർ ഫ്രാൻസീസ് കൊല്ലറേട്ട് അനുസ്മരണപ്രഭാഷണം നടത്തി.

**3. രൂപത, മേഖല ഭാരവാഹികൾക്കുള്ള സാഹിത്യമത്സരം**

സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ ചെറുപുഷ്പമിഷൻലീഗ് രൂപത, മേഖല ഭാരവാഹികൾക്കായി നടത്തിയ രചനാ മത്സരങ്ങളിൽ ജോമിൻ ജോണി വലിയകാപ്പിൽ (കവിത), ജോസ് സി. മാത്യു ചന്ദ്രത്തിൽ, ആലീസ് മാത്യു പാറയ്ക്കൽ (ഉപന്യാസം) എന്നിവർ സമ്മാനാർഹരായി.

**4. മിഷൻ താരം പുരസ്കാരം**

സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ മിഷൻ താരം പുരസ്കാരത്തിന് പാലാ രൂപതയിലെ മുത്തോലി ഇടവാകംഗം ജോസ്മി ജേക്കബ് അർഹയായി. 2017 ജൂൺ മുതൽ ഡിസംബർ വരെയുള്ള വ്യക്തിപരമായ മിഷൻ പ്രവർത്തനങ്ങൾ എഴുതി സൂക്ഷിച്ച മികച്ച പ്രവർത്തനങ്ങൾ നടത്തിയതിനാണ് പുരസ്കാരം ലഭിച്ചത്.

**5. മികച്ച ശാഖകൾ, മേഖലകൾ**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാ 2017-18 വർഷത്തെ മികച്ച ശാഖകളായി കയ്യൂർ (ഒന്നാംസ്ഥാനം), ഉള്ളനാട് (രണ്ടാംസ്ഥാനം), മല്ലികശ്ശേരി (മൂന്നാം സ്ഥാനം) എന്നിവ തെരഞ്ഞെടുക്കപ്പെട്ടു. മികച്ച മേഖലകളായി പ്രവിത്താനം (ഒന്നാംസ്ഥാനം), കുറവിലങ്ങാട് (രണ്ടാംസ്ഥാനം), ഭരണങ്ങാനം (മൂന്നാംസ്ഥാനം) എന്നിവയും തെരഞ്ഞെടുക്കപ്പെട്ടു.

**6. ജീവദർശൻ കോഴ്സ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജീവദർശൻ കോഴ്സിന്റെ ആദ്യക്ലാസ് ജൂലൈ 14-ാം തീയതി ഭരണങ്ങാനത്ത് നടന്നു. ശ്രീ. ഷാജി മാലിപ്പാറ ക്ലാസ് നയിച്ചു. രണ്ടാമത്തെ ക്ലാസ് ആഗസ്റ്റ് 22-ാം തീയതി റവ. ഡോ. ജോസഫ് കടുപ്പിൽ, മൂന്നാമത്തെ ക്ലാസ് ആഗസ്റ്റ് 24-ാം തീയതി റവ.ഡോ. ജോസഫ് മുത്തനാട്ട്, നാലാമത്തെ ക്ലാസ് ആഗസ്റ്റ് 28-ന് ശ്രീ. അനിൽ മാനുവൽ എന്നിവർ എടുത്തു.

**6. പ്രവർത്തനോദ്ഘാടനങ്ങൾ**

അരവിത്തുറ, ഭരണങ്ങാനം, ഇലഞ്ഞി, പ്രവിത്താനം, കടനാട്, രാമപുരം, കടുത്തുരുത്തി മേഖലകളിൽ പ്രവർത്തനോദ്ഘാടനം നടത്തി.

**ചേർപ്പുങ്കൽ മേഖല**

ചേർപ്പുങ്കൽ മേഖലയിലെ അൾത്താര ബാലന്മാരുടെ സംഗമവും സെമിനാറും ജൂലൈ 14-ാം തീയതി ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടന്നു. കൂടാതെ ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമവും സ്നേഹവിരുന്നും ആഗസ്റ്റ് 5-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടന്നു.

**അരുവിത്തുറ മേഖല**

അരുവിത്തുറ മേഖലയിലെ വൈസ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ് മീറ്റിംഗ് ഓഗസ്റ്റ് 19-ാം തീയതി അരുവിത്തുറ യോഗഹാളിൽ ചേർന്നു. മേഖലാ പ്രസിഡന്റ് ബെന്നിസൺ സണ്ണി മണ്ണാറാത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖലാ ഡയറക്ടർ റവ.ഫാ. ജോസഫ് അമ്പാട്ടുപടവിൽ, പുറമെ എല്ലാ രൂപതാ ഭാരവാഹികളും പങ്കെടുത്തു.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 3,10,24,31 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ഫാ. പ്രസാദ് കൊണ്ടുപറമ്പിൽ, ഫാ. റിസ്റ്റു മണ്ണൂർ (OFM Cap അസ്സീസി ഭരണങ്ങാനം), ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ ബിജു പാലായിൽ (Push 2018 NST-KCBC ദേശീയ മദ്ധ്യസ്ഥപ്രാർത്ഥനാഗ്രൂപ്പ്), ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. മദ്ധ്യസ്ഥ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1,2,6,7,8,9,13,14,20,21,22,23, 27,28,29,30 തീയതികളിൽ ഷാലോമിൽവച്ച് മാദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ എല്ലാ പ്രോഗ്രാമുകൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിച്ചു. അഗസ്റ്റിൻ ചെരിപുറം, മേരി പാറയിൽ, സാലി മേത്താനത്ത്, ജോസഫ് കുന്നപ്പള്ളി, ചാക്കോ മാട്ടേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 6,13,20,27 തീയതികളിൽ ഷാലോമിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ എല്ലാ പ്രോഗ്രാമുകൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിച്ചു. ഫാ. കുര്യൻമറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, പി.പി. തോമസ് തങ്കച്ചൻ ശ്രാമ്പിയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 14-ാം തീയതി ചൊവ്വാഴ്ച ഷാലോമിൽകൂടി കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങൾ അവതരിപ്പിക്കുകയും അടുത്തമാസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. സഭയുടെ ഇന്നത്തെ അവസ്ഥയ്ക്കുവേണ്ടിയും നല്ല കാലാവസ്ഥയ്ക്കുവേണ്ടിയും നിങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കണമെന്ന് ഡയറക്ടർ ഫാ.വിൻസെന്റ് ഓർമ്മിപ്പിച്ചു. ബ്രദർ ജോസഫ് കുന്നപ്പള്ളി പ്രാർത്ഥനയെക്കുറിച്ച് വചനം പങ്കുവച്ചു. ടി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തി തുടർധ്യാനം**

പാലാക്കാട് ചെറുപുഷ്പം ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം ആഗസ്റ്റ് 2-ാം തീയതി നടത്തി. ബ്രദർ ജോർജ് ചെറുപറമ്പിൽ ശുശ്രൂഷ നയിച്ചു.

**2. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമം ആഗസ്റ്റ് 4-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3.00 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ സജി ചാത്തംകുന്നേൽ വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും രാമപുരം സബ്സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**3. സേവന സമിതി മീറ്റിംഗ്**

സേവനസമിതി മീറ്റിംഗ് ആഗസ്റ്റ് 6-ാം തീയതി തിങ്കളാഴ്ച 2 മുതൽ 5 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു.

**4. രൂപത തൂവാനിസ സംഗമം**

തൂവാനിസ മിനിസ്ട്രിയുടെ രൂപത സംഗമം ആഗസ്റ്റ് 11 ശനിയാഴ്ച 9 മുതൽ 1 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. KCCRST അംഗം സി. മഹിമ ക്ലാസ് നയിച്ചു. മിനിസ്ട്രി കോ-ഓർഡിനേറ്റർ ശ്രീമതി ലില്ലിക്കുട്ടി വരാച്ചേരിൽ പ്രോഗ്രാമിന് നേതൃത്വം നൽകി.

**5. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെ സന്ദർശനം**

പാലാ, കാഞ്ഞിരപ്പള്ളി, കോട്ടയം, ചങ്ങനാശ്ശേരി എന്നീ സോണുകൾ ഉൾപ്പെടുന്ന സൗത്ത് സെൻട്രൽ സബ് റീജിയൻ സന്ദർശിക്കുന്നതിനായി കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് ആഗസ്റ്റ് 13-ാം തീയതി തിങ്കളാഴ്ച കോട്ടയം ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ എത്തിച്ചേർന്നു. പാലാ സോണിൽനിന്നും ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ 130 അംഗങ്ങൾ പങ്കെടുത്തു.

**6. ഉപവാസ പ്രാർത്ഥന**

പ്രളയ ദുരന്തങ്ങളിൽപെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായി 20-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മുതൽ 3 മണിവരെ പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ദിവ്യകാരുണ്യ ആരാധന നടത്തി. ഫാ. കുര്യൻമറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവരുടെ നേതൃത്വത്തിൽ ശുശ്രൂഷകൾ നടന്നു. 18 സബ്സോണുകളിൽ നിന്നായി 150 അംഗങ്ങൾ പങ്കെടുത്തു.

**7. രാത്രി ആരാധന**

സേവന സമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന 25-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാന

യോടെ ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി കൂടി അവസാനിച്ചു. ഫാ. ജെയിംസ് കക്കുഴി (കോതമംഗലം) വചനശുശ്രൂഷ നയിച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**8. ഭാരത ജറീക്കോ പ്രാർത്ഥന ഒരുക്ക ആരാധന**

NST, KCCRST എന്നിവയുടെ നേതൃത്വത്തിൽ ഭാരതത്തിനുവേണ്ടി നടത്തുന്ന ജറീക്കോ പ്രാർത്ഥനാസംഗമത്തിന്റെ ഒരുക്ക ആരാധന 31-ാം തീയതി വെള്ളിയാഴ്ച 9 മുതൽ 2.30 മണി വരെ പാലാ കത്തീഡ്രൽ ദൈവാലയത്തിൽ നടന്നു. KCCRST നേതൃത്വം നൽകിയ ശുശ്രൂഷകൾക്ക് രൂപത വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ ആമുഖസന്ദേശം നൽകി. കത്തീഡ്രൽ വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# കുടുംബകൂട്ടായ്മ

**1. രൂപതാ കൗൺസിൽ**

2-8-2018 വ്യാഴാഴ്ച രാവിലെ 9.30 ന് കുടുംബകൂട്ടായ്മയുടെ രൂപതാ കൗൺസിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ രൂപതാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടി. ജപമാലയ്ക്കുശേഷം മുൻ മാസത്തെ പ്രവർത്തനറിപ്പോർട്ട് സെക്രട്ടറി ശ്രീ. ജോണി സിറിയക് വേലംകുന്നേൽ അവതരിപ്പിച്ചു. തുടർന്ന് ഈ മാസത്തെ പ്രവർത്തനത്തെക്കുറിച്ച് ചർച്ച നടത്തി. ഇടവകകളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 5 പേർക്കു വീതമുള്ള ബോധവത്ക്കരണക്ലാസ് ഫൊറോനകേന്ദ്രങ്ങളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**2. മദ്ധ്യസ്ഥപ്രാർത്ഥന**

11-8-2018 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിമുതൽ 5 മണിവരെ ളാലം സെന്റ് മേരീസ് കോൺവെന്റ് ചാപ്പലിൽവച്ച് ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ശുശ്രൂഷകൾക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി. രൂപത റിസോഴ്സ് ടീം ഫൊറോന കോർഡിനേറ്റേഴ്സ് സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

7-8-2018 ചൊവ്വാഴ്ച തുടങ്ങനാട് ഫൊറോനയിലെ പള്ളികളിൽ ഡയറക്ടറച്ചൻ സന്ദർശിച്ച് കൂട്ടായ്മയുടെ ഫൊറോന മീറ്റിംഗിലേക്ക് അഞ്ചുപേരെ വീതം പറഞ്ഞയക്കാനുള്ള കാര്യം വികാരി അച്ചന്മാരെ അറിയിച്ചു.

7-8-2018 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് മൂലമറ്റം ഫൊറോനയിലെ ഇടവകകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കുള്ള ക്ലാസ് ഫൊറോന കേന്ദ്രത്തിൽ വച്ചുനടന്നു. പെരിയ ബഹുമാനപ്പെട്ട ഫൊറോന വികാരി ജോർജ് മണ്ഡപത്തിൽ നേതൃത്വം നൽകി. ഡയറക്ടറച്ചൻ ക്ലാസ് നയിച്ചു.

5-8-2018 ഞായറാഴ്ച 11 മണിക്ക് കാഞ്ഞിരത്താനം ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് ക്ലാസ് രൂപതാ ഡയറക്ടർ വിൻസെന്റ് മൂങ്ങാമാക്കലച്ചൻ നടത്തി.

5-8-2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഉള്ളനാട് ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് രൂപാതാ ഡയറക്ടർ വിൻസെന്റ് മൂങ്ങാമാക്കലച്ചൻ ക്ലാസ്സെടുത്തു.

14-8-2018 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തുടങ്ങനാട് ഫൊറോനയിലെ ഇടവകകളിൽനിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് ക്ലാസ് മുട്ടം ഉണ്ണീശോ കുരിശുപള്ളി ഹാളിൽ വച്ചു നടന്നു. രൂപതാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ്സെടുത്തു.

15-8-2018 ബുധനാഴ്ച 11 മണിക്ക് ഇടമറുക് ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള ക്ലാസ് ബഹുമാനപ്പെട്ട വിൻസെന്റ് മൂങ്ങാമാക്കലച്ചൻ നടത്തി.

24-8-2018 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് പാലാ കത്തീഡ്രൽ ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി ഫൊറോന കേന്ദ്രത്തിൽവച്ച് രൂപതാ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ്സെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ആഗസ്റ്റ് 6-8, 20-22** തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 300 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**സെപ്റ്റംബർ 3-5, 17-19** തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ തുടരുന്നു. **ഒക്ടോബർ 1-3, 22-24** തിയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ആഗസ്റ്റ് മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 536 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. യാത്രയയപ്പ് സമ്മേളനം - പാലാ**

ഫാമിലി അപ്പോസ്തലേറ്റിന്റെ ഡയറക്ടറായി ഒന്നരവർഷക്കാലം സേവനം അനുഷ്ഠിച്ച ശേഷം പാലാ രൂപത വികാരി ജനറാളായി നിയമിതനായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വേത്താനത്ത് അച്ചന് ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങളും വിവിധ സംഘടനാ ഭാരവാഹികളും ആഗസ്റ്റ് 23 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ ഒത്തുചേർന്ന് സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു.

**5. സ്വീകരണം - പാലാ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ പുതിയ ഡയറക്ടറായി നിയമിതനായ ബഹുമാനപ്പെട്ട ഷീൻ പാലയ്ക്കാത്തടത്തിലച്ചൻ ആഗസ്റ്റ് 30-ാം തീയതി വ്യാഴാഴ്ച ഉത്തരവാദിത്വം ഏറ്റെടുത്തു. അച്ചന് സ്നേഹനിർഭരമായ സ്വാഗതം നല്കി.

## B. ഫമിലിയ - വാർത്താബുള്ളറ്റിൻ

ജൂലൈ 29-ാം തീയതി കുടയത്തൂർ, ആഗസ്റ്റ് 12-ാം തീയതി ഞായറാഴ്ച നെല്ലാപ്പാറ എന്നീ ഇടവകകളിൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാന അർപ്പിച്ച് കുടുംബബോധവത്ക്കരണ സന്ദേശം നല്കി.

## C. പിതൃവേദി

**1. ഉദ്ഘാടനം - കുടയത്തൂർ, പൂവരണി**

ജൂലൈ 29-ാം തീയതി കുടയത്തൂർ ഇടവകയിലും ആഗസ്റ്റ് 26-ാം തീയതി പൂവരണി ഇടവകയിലും പിതൃവേദിയുടെ ഔദ്യോഗികമായ ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു.

**2. കാർഷികസെമിനാർ- കടനാട്**

ആഗസ്റ്റ് 29 ന് കടനാട് സെന്റ് സെബാസ്റ്റ്യൻ ഹയർസെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് കടനാട് മേഖല മാതൃപിതൃവേദികളുടെ സംയുക്താഭിമുഖ്യത്തിൽ കാർഷികസെമിനാർ നടത്തപ്പെട്ടു. ഭരണങ്ങാനം കൃഷി ഓഫീസർ ശ്രീമതി റെജിമോൾ തോമസ് സെമിനാർ നയിച്ചു. വികാരി റവ. ഫാ. അഗസ്റ്റിൻ കൂട്ടിയാനി, ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് എന്നിവർ സെമിനാറിന് നേതൃത്വം നല്കി.

## D. മാതൃവേദി

**1. യാത്രമംഗളം**

പാലാ രൂപത മാതൃവേദി സംഘടനയെ ആത്മാർത്ഥമായി സ്നേഹിക്കുകയും കുടുംബങ്ങളുടെ നവീകരണത്തിനായി അക്ഷീണം യത്നിക്കുകയും ചെയ്ത ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് രൂപതയുടെ സിഞ്ചെലൂസായി ഉയർത്തപ്പെട്ടതിനെ തുടർന്ന് മാതൃവേദി അംഗങ്ങൾ അദ്ദേഹത്തിന് സമുചിതമായ യാത്രയപ്പ് നല്കി. ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്.എച്ച്, രൂപത പ്രസിഡന്റ് ശ്രീമതി വേറോനിക്ക ജോസഫ് തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

**2. യൂണിറ്റ് സന്ദർശനങ്ങൾ**

യൂണിറ്റുതല പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, ജോയിന്റ് ഡയറക്ടർ സി.കുസുമം, മേഖലാ പ്രസിഡന്റ്, ആനിമേറ്റർ എന്നിവർ ചെമ്മലമറ്റം, ചേറ്റുതോട്, ഇടമറുക്, വാരിയാനിക്കാട്, മൂന്നിലവ്, ചേന്നാട്, വാകക്കാട്, തിടനാട്, നെല്ലാപ്പാറ, ഭരണങ്ങാനം, അമ്പാറനിരപ്പേൽ, കിഴപറയാർ, പൈക, പ്ലാശനാൽ, പൂവത്തോട് എന്നീ യൂണിറ്റുകളിൽ സന്ദർശനം നടത്തി.

**3. സ്കിറ്റ് മത്സരം**

രൂപതയിലെ മാതാക്കൾക്കായി സ്കിറ്റ് മത്സരം ആഗസ്റ്റ് 10 വെള്ളിയാഴ്ച ഉാലം സെന്റ് മേരീസ് പഴയപള്ളി പാരീഷ്ഹാളിൽ വച്ച് നടത്തപ്പെട്ടു. 'സഭയാകുന്ന അമ്മയുടെ നിഴലാകേണ്ട മാതൃത്വവും മാതൃവേദിയും' എന്ന വിഷയത്തെ അധികരിച്ച് രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും 12 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. കടനാട് മേഖലയിലെ മാനത്തൂർ യൂണിറ്റ്, കുറവിലങ്ങാട് മേഖലയിലെ കുറവിലങ്ങാട് യൂണിറ്റ്, തുടങ്ങനാട് മേഖലയിലെ മറ്റത്തിപ്പാറ യൂണിറ്റ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**4. മരിയൻ തീർത്ഥാടനം**

ആഗസ്റ്റ് മാസം 24-ാം തീയതി കുറവിലങ്ങാട് മുത്തിയമ്മയുടെ തിരുസന്നിധിയിലേക്ക് മാതൃ-പിതൃവേദികളുടെ സംയുക്താഭിമുഖ്യത്തിൽ ഭക്തിനിർഭരമായ മരിയൻ തീർത്ഥാടനം നടത്തപ്പെട്ടു. രാവിലെ 9 ന് ആരംഭിച്ച ജപമാല 9.55 ന് പള്ളിയിൽ എത്തിച്ചേർന്നു. തുടർന്ന് ഉള്ളനാട് പള്ളി വികാരി റവ. ഡോ. ജോസ് കോട്ടയിൽ 'കുടുംബം നേരിടുന്ന വെല്ലുവിളികൾക്ക് പരിശുദ്ധ അമ്മ തരുന്ന ഉത്തരം' എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സെടുക്കുകയും ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി. സ്നേഹവിരുന്നോടുകൂടി തീർത്ഥാടനം സമാപിച്ചു.

**5. ജോയിന്റ് ഡയറക്ടേഴ്സ് സമ്മേളനം**

ആഗസ്റ്റ് മാസം 28-ാം തീയതി രൂപതയിലെ മാതൃവേദിയുടെ എല്ലാ യൂണിറ്റിലെയും ജോയിന്റ് ഡയറക്ടേഴ്സിന്റെയും യൂണിറ്റ്, മേഖലാ, രൂപത ഭാരവാഹികളുടെയും സംഗമം പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച സമ്മേളനത്തിൽ സി. ആൻസില്ല എസ്.എച്ച് ക്ലാസ്സ് നയിച്ചു.

**6. സഹായം**

ജലപ്രളയത്താൽ കൊടുംദുരിതമനുഭവിച്ച കേരളീയ ജനതയുടെ സമൃദ്ധാരണത്തിൽ മാതൃവേദിയുടെ എല്ലാ യൂണിറ്റും പങ്കുചേർന്നു.

## E. ഹോംമിഷൻ

**1. മുളക്കുളം**

മുളക്കുളം ഇടവകയിൽ ഹോംമിഷനോട് അനുബന്ധിച്ച് ആഗസ്റ്റ് 5-ാം തീയതി ഞായറാഴ്ച ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി. 6 മുതൽ ആരംഭിച്ച ഹോംമിഷൻ ആഗസ്റ്റ് 14 ന് അവസാനിച്ചു.

**2. മൂന്നിലവ്**

സെപ്റ്റംബർ 2 മുതൽ മൂന്നിലവ് ഇടവകയിൽ ആരംഭിക്കുന്ന ഹോംമിഷന് ഒരുക്കമായി ആഗസ്റ്റ് 26-ാം തീയതി ഞായറാഴ്ച ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് സന്ദേശം നല്കി.

### F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ജൂൺ-ജൂലൈ മാസങ്ങളിൽ രജിസ്ററർ ചെയ്തിരിക്കുന്ന യുവതീയുവാക്കളുടെ വ്യക്തിഗതവിവരങ്ങളോടുകൂടിയ **'ഫമിലിയ'** എന്ന വാർത്ത ബുള്ളറ്റിൻ ആഗസ്റ്റ് 4 ന് പ്രസിദ്ധീകരിച്ചു. 10000 കോപ്പികൾ രൂപതയിലെ എല്ലാ ഇടവകയിലും എത്തിക്കുവാനുള്ള നടപടികൾ നടന്നു വരുന്നു.

### G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ , ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ –– 9496571321

### H. മംഗല്യനിധി

**1. മംഗല്യനിധി സംഭാവന – 80,000 രൂപ**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **അറക്കുളം പുതിയ പള്ളി – 10000, തിടനാട് – 10000, ഭരണങ്ങാനം – 10000, ളാലം പഴയപള്ളി – 10000, കുറവിലങ്ങാട് – 10000, പൂഞ്ഞാർ – 10000, നരിയങ്ങാനം – 10000, തോടനാൽ – 10000** എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി **80,000** രൂപാ നൽകി.

**ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് (ഡയറക്ടർ)**

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ക്ലീൻ പാലാ പ്രോജക്ട്**

മാലിന്യരഹിതനഗരം ലക്ഷ്യമാക്കി വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പാലാ മുനിസിപ്പാലിറ്റിയിൽ ആവി

ഷ്കരിച്ചിരിക്കുന്ന 'ക്ലീൻ പാലാ പ്രോജക്ട്" -ന് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഏകോപനനേതൃത്വം നൽകുന്നു. പദ്ധതിയുടെ ഭാഗമായി പാലാ നഗരത്തിലെ എല്ലാ സ്ഥാപനങ്ങളും വ്യാപാരശാലകളും സന്ദർശിച്ച് ലഘുലേഖയുടെ വിതരണോദ്ഘാടനം ആഗസ്റ്റ് 15-ന് മുനിസിപ്പൽ ചെയർപേഴ്സൺ പ്രൊഫ. സെലിൻ റോയി നിർവ്വഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലാ അദ്ധ്യക്ഷനായിരുന്നു.

**2. സംരംഭകത്വ സെമിനാർ**

തൊഴിൽ സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് സർക്കാർ, ബാങ്ക്, ഇതര ഏജൻസികൾ തുടങ്ങിയവയിൽനിന്ന് ലഭിക്കാവുന്ന വായ്പകൾ, സബ്സിഡികൾ, സാങ്കേതിക സഹായം തുടങ്ങിയ കാര്യങ്ങൾ വിശദപ്പെടുത്തുന്ന സംരംഭകത്വ സെമിനാർ പാലാ റീജിയന്റെ നേതൃത്വത്തിൽ ഷാലോമിൽ നടന്നു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. ഡാന്റീസ് കൂനാനിക്കൽ അദ്ധ്യക്ഷനായിരുന്നു. വ്യവസായ ഓഫീസർ ലോറൻസ് മാത്യു, ജോയി മടിയ്ക്കാങ്കൽ, പി. വി. ജോർജ്, ആകാശ് തെങ്ങുംപള്ളിൽ തുടങ്ങിയവർ ക്ലാസ് നയിച്ചു.

**3. തൊഴിൽ പരിശീലനം**

പാലാ റീജിയന്റെ ആഭിമുഖ്യത്തിൽ വനിതകൾക്കായി ത്രിദിന തയ്യൽ പരിശീലനപരിപാടി ഷാലോമിൽ സംഘടിപ്പിച്ചു. സാരി ബ്ലൗസ് കട്ടിംഗ്, ചുരിദാർ കട്ടിംഗ് പരിശീലനത്തിന് സിനി തോമസ് കുര്യൻ, ജസ്സി ജോസ്, മേഴ്സി ജോസഫ്, ആലീസ് ജോർജ് എന്നിവർ നേതൃത്വം നൽകി.

**4. അഗ്രിമ മാർക്കറ്റ്**

അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽനിന്നും കാർഷിക ഉൽപന്നങ്ങൾക്കൊപ്പം ഭക്ഷ്യ ഉല്പന്നങ്ങളും വിപണനം ചെയ്യുന്നു. പലഹാരങ്ങൾ, ജാമുകൾ, കറിപൗഡറുകൾ, മുളകുപൊടി, മഞ്ഞൾപൊടി, നാടൻ വെളിച്ചെണ്ണ തുടങ്ങിയവ ഹോൾസെയിൽ/ റീട്ടെയിൽ നിരക്കിൽ ലഭ്യമാണ്.

**5. സേവ് എ ഫാമിലി പ്ലാൻ**

കുടുംബസഹായ പദ്ധതിയുടെ ഭാഗമായി 356327 രൂപ 39 കുടുംബങ്ങൾക്കായി ജൂലൈയിൽ വിതരണം ചെയ്തു. 11 കുടുംബങ്ങൾ കൂടി പദ്ധതി പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**6. സ്വാശ്രയസംഘം വാർഷികം**

മീനച്ചിൽ, തോടനാൽ, കൈപ്പള്ളി, നീറന്താനം, വേദഗിരി, ചൂണ്ടച്ചേരി, അറക്കുളം, പൂഴിക്കോൽ, പിറവം, കാളികാവ്, വേഴങ്ങാനം തുടങ്ങി വിവിധ സ്വാശ്രയസംഘങ്ങളുടെ വാർഷികം നടന്നു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ സന്നിഹിതനായിരുന്നു.

**7. ഫാർമേഴ്സ് ക്ലബ്**

കീഴൂർ ഫാർമേഴ്സ് ക്ലബിന്റെ ഉദ്ഘാടനം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ മോടിയിൽ അദ്ധ്യക്ഷനായിരുന്നു. പ്രോജക്ട് ഓഫീസർ പി.വി. ജോർജ് മുഖ്യപ്രഭാഷണം നടത്തി.

**8. ജലനിധി**

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ ജലനിധിയിൽ 25 പദ്ധതികൾ എക്സിറ്റ് ആയി. കരൂർ ഗ്രാമപഞ്ചായത്തിലെ 38 പദ്ധതികളും കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ 6 പദ്ധതികളും നിർമ്മാണം പൂർത്തിയായി.

**9. പ്രളയദുരിതം – സഹായഹസ്തം**

ജൂലൈയിലും ആഗസ്റ്റിലും ആവർത്തിച്ചുണ്ടായ വെള്ളപ്പൊക്കത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് ആശ്വാസവുമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മുൻനിരയിലുണ്ടായിരുന്നു. കാരിത്താസ് ഇൻഡ്യയുടെ പ്രതിനിധികൾ അപ്പർകുട്ടനാടിന്റെ ഭാഗമായുള്ള പെരുംതുരുത്ത്, ആയാംകുടി മേഖലകൾ സന്ദർശിച്ച് തുടർ സഹായപദ്ധതികൾ സംബന്ധിച്ച് ആശയവിനിമയം നടത്തി. ആയാംകുടി, മാന്നാർ, പെരുംതുരുത്ത്, മരങ്ങോലി തുടങ്ങിയ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷ്യോൽപ്പന്നങ്ങൾ വിതരണം ചെയ്തതുകൂടാതെ കുട്ടനാടൻ പ്രദേശത്തേക്ക് വിതരണം ചെയ്യുന്നതിനായി ഭക്ഷ്യോല്പന്നങ്ങൾ നിത്യോപയോഗസാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവ പല ലോഡുകളായി ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ എത്തിച്ചുവരുന്നു.

**10. ജലനിധിയും സഹായത്തിന്**

വെള്ളപ്പൊക്കം മൂലം മലിനപ്പെട്ട കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് പി.എസ്.ഡബ്ല്യു.എസ്. ന്റെ ജലനിധി ടീം കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ആയാംകുടിയിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കുടിവെള്ളത്തിന്റെ ഗുണനിലവാരപരിശോധന, അണുനാശനലായിനി വിതരണം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ പരിപാടിയുടെ ഉദ്ഘാടനം കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. സുനിൽ നിർവ്വഹിച്ചു. ഫാ. മാത്യു കിഴക്കേ അരഞ്ഞാണി, ഡാന്റീസ് കൂനാനിക്കൽ എന്നിവർ പ്രസംഗിച്ചു.

മുത്തോലി, ഭരണങ്ങാനം, കരൂർ, കൊഴുവനാൽ ഗ്രാമപഞ്ചായത്തുകളിലെ ജലനിധിയുടെ ശുദ്ധജലം പ്രളയബാധിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം.

## 1. കെ.സി.വൈ.എം. സംസ്ഥാന സെനറ്റ്

തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ ജൂലൈ 27,28,29 തീയതികളിലായി കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് നടത്തപ്പെട്ടു. പാലാ രൂപതയെ പ്രതിനിധീകരിച്ച് രൂപത പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം, ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലായിൽ, വൈസ് പ്രസിഡന്റ് കുമാരി ശീതൾ ടോം, ജോയിന്റ് സെക്രട്ടറി കുമാരി റിയാ മണ്ണാത്ത്, കൗൺസി

ലർമാരായ ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ, കുമാരി റീത്തു ജോർജ്, രൂപതാ ആനിമേറ്റർ സിസ്റ്റർ ഷൈനി ഡി.എസ്.ടി. എന്നിവർ പങ്കെടുത്തു. ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലായിൽ റിപ്പോർട്ട് അവതരിപ്പിച്ചു.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ആഗസ്റ്റ് 5-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ ഓഫീസിൽ വച്ച് അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിലിന്റെ നേതൃത്വത്തിൽ രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി.യും മറ്റ് ഭാരവാഹികളും പങ്കെടുത്തു. രൂപതയിൽ നാല് സോണുകളിലായി ബാഡ്മിന്റൺ മത്സരങ്ങൾ നടത്തുന്നതിനെപ്പറ്റിയും ഒക്ടോബർ 13-ാം തീയതി രാമപുരത്ത് വച്ച് നടത്തപ്പെടുന്ന വൈദിക യുവ ജനസംഗമത്തെപ്പറ്റിയും ചർച്ച നടത്തി.

**3. YATP ക്യാമ്പ്**

എസ്.എം.വൈ.എം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്ന യൂത്ത് ആനിമേറ്റർ ട്രെയിനിംഗ് പ്രോഗ്രാം YATP നാലാം സെഷൻ ആഗസ്റ്റ് 10,11 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി., ക്യാമ്പ് കോർഡിനേറ്റർ ശ്രീ. സുരേഷ് മാത്യു, ബ്ര. ജോമിൻ മുകളേൽ എന്നിവർ നേതൃത്വം നൽകി.

**4. ക്വിസ് മത്സരം**

ആഗസ്റ്റ് 11-ാം തീയതി ശനിയാഴ്ച മോനിപ്പള്ളി യൂണിറ്റിൽ വച്ച് കുറവിലങ്ങാട് മേഖല ക്വിസ് മത്സരം നടത്തപ്പെട്ടു. മോനിപ്പള്ളി ഇടവക വികാരി റവ.ഫാ. ജോസഫ് വടക്കേമംഗലത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ബിജോ ചീനോത്ത് പറമ്പിൽ, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലായിൽ, മേഖലാ ഭാരവാഹികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**5. ദുരിതാശ്വാസ സഹായവിതരണം**

ആഗസ്റ്റ് 21-ാം തീയതി ബുധനാഴ്ച മുളക്കുളം ഇടവകയിലെ ദുരിതാശ്വാസക്യാമ്പ് എസ്.എം.വൈ.എം. രൂപതാ പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം, ജനറൽ സെക്രട്ടറി ബിബിൻ ചാമക്കാലായിൽ, സെക്രട്ടറി ശ്രീ. പ്രിൻസ് കുന്നയ്ക്കാട്ട് എന്നിവർ സന്ദർശിക്കുകയും സഹായങ്ങൾ കൈമാറുകയും ചെയ്തു. ഇടവകാംഗം കൂടിയായ എസ്.എം.വൈ.എം. രൂപതാ കൗൺസിലർ ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിലും എസ്.എം.വൈ.എം. മുളക്കുളം യൂണിറ്റ് അംഗങ്ങളും നേതൃത്വം നൽകി.

**6. ശുചീകരണം നടത്തി**

ആഗസ്റ്റ് 23-ാം തീയതി വ്യാഴാഴ്ച 2 ദിവസത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചാലക്കുടി മുരിങ്ങൂർ ധ്യാനകേന്ദ്രവും പരിസരവും ശുചീകരിക്കുന്നതിനായി രൂപതാ പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകു

ളം, ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലയിൽ എന്നിവരുടെ നേതൃത്വത്തിൽ യുവജനങ്ങൾ ധ്യാനകേന്ദ്രത്തിൽ എത്തുകയും ശുചീകരണപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**

**ഫാ. സിറിൽ തയ്യിൽ (അസി.ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കാളിത്തം**

ജലപ്രളയംമൂലം കഷ്ടതയനുഭവിക്കുന്നവർക്കു സഹായഹസ്തം നീട്ടി കെ.സി.എസ്.എൽ. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കുചേർന്നു. പുതിയ വസ്ത്രങ്ങളും നിത്യോപയോഗസാധനങ്ങളും കേടുവരാത്ത ഭക്ഷണപദാർത്ഥങ്ങളും ശേഖരിച്ച് കെ.സി.എസ്.എൽ. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ അധ്യാപകരും വിദ്യാർത്ഥിപ്രതിനിധികളും കൂനമ്മാവ്, ആലുവ എന്നീ പ്രദേശങ്ങൾ സന്ദർശിക്കുകയും വിവിധ ക്യാമ്പുകളിലും വീടുകളിലുമായി സാധനസാമഗ്രികൾ വിതരണം ചെയ്യുകയും ചെയ്തു. വീടുകളിലെത്തി അവരെ ആശ്വസിപ്പിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും കഴിഞ്ഞത് യാത്രാസംഘത്തിനു വ്യത്യസ്തമായൊരു ആത്മീയാനുഭവത്തിനു കാരണമായി. 15 പേരടങ്ങുന്ന ടീം ബ്രില്യന്റ് സ്റ്റഡി സെന്റർ വിട്ടുതന്ന ബസിനാണ് യാത്ര പോയത്. ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് സാലി കെ.ജെ., ജനറൽ ഓർഗനൈസർ സോജൻ കെ.ജെ., ചെയർമാൻ ആൽബിൻ ജിജോ, ബ്രദർ റോണി നടുവിലേക്കുറ്റ് തുടങ്ങിയവർ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു നേതൃത്വം വഹിച്ചു.

**2. കളരി വിതരണം നടത്തി**

കെ.സി.എസ്.എൽ. പ്രസിദ്ധീകരണമായ 'കളരി' ഒന്നാംലക്കം ഓഗസ്റ്റ് ആദ്യവാരം സ്കൂളുകളിൽ വിതരണം നടത്തി. സ്ക്രാച്ച് ആൻഡ് വിൻ ഉണ്ടായിരുന്നതുകൊണ്ട് മാസിക കുട്ടികളുടെ ഇടയിൽ കൂടുതൽ സ്വീകാര്യത നേടിയതായി റിപ്പോർട്ടുകൾ വന്നു.

**3. മാറ്റിവച്ച മത്സരങ്ങൾ സെപ്റ്റംബറിൽ**

വെള്ളപ്പൊക്കംമൂലം മാറ്റിവച്ച മത്സരങ്ങൾ (അൽഫോൻസാ ആക്ഷൻ സോങ്, കുട്ടികളുടെ പത്രം) സെപ്റ്റംബറിൽത്തന്നെ നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. തീയതിയും സ്ഥലവും സെപ്റ്റംബർ ആദ്യവാരം സ്കൂളുകളിൽ അറിയിക്കുന്നതാണ്.

**4. മത്സരഫലങ്ങൾ പ്രഖ്യാപിച്ചു**

എൽ.പി., യു.പി., വിഭാഗങ്ങൾക്കായി നടത്തിയ പരിസ്ഥിതി പ്രതിജ്ഞാമത്സരത്തിന്റെയും ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി നടത്തിയ പോസ്റ്റർ രചനാമത്സരത്തിന്റെയും ഫലങ്ങൾ പ്രഖ്യാപിച്ചു.

**5. ഡയറക്ടറച്ചന്റെ ശാഖാസന്ദർശനം**

പുതിയ അധ്യയനവർഷം ഉദയഗിരി ലിറ്റിൽ ഫ്ളവർ വിദ്യാനികേതൻ, പാലാ മേരിമാതാ പബ്ലിക് സ്കൂൾ, തീക്കോയി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ, കുറവിലങ്ങാട്ടെ വിവിധ സ്കൂളുകൾ, മൂന്നാനി സ്പെഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ ഡയറക്ടറച്ചൻ സന്ദർശിക്കുകയും കുട്ടികളുമായി സംവാദം നടത്തുകയും ചെയ്തു. ശാഖകളുടെ ഉദ്ഘാടനവും തദവസരത്തിൽ നിർവഹിക്കുകയുണ്ടായി. വിവിധ മത്സരങ്ങളിൽ വിജയികളായവർക്കു സമ്മാനങ്ങളും വിതരണം ചെയ്തു.

**6. അദ്ധ്യാപകർക്കു ലേഖനമത്സരം**

'സൈബർലോകവും യുവതലമുറയും' എന്ന വിഷയത്തെ അധികരിച്ച് പ്രായഭേദമെന്യേ പാലാ രൂപതയിലെ സ്കൂൾ അധ്യാപകർക്കായി ലേഖനമത്സരം നടത്തുന്നു. ലേഖനം രൂപത ഓഫീസിൽ ഏല്പിക്കേണ്ട അവസാനതീയതി - സെപ്റ്റംബർ 29.

**7. പ്രഥമാധ്യാപകനോടൊത്തു സംവാദം**

'സൈബർയുഗത്തിലെ വിദ്യാർത്ഥികൾ' എന്ന കെ.സി.എസ്.എൽ. പഠനവിഷയത്തെ അടിസ്ഥാനമാക്കി പ്രഥമാധ്യാപകനോടൊത്ത് കെസിഎസ്എൽ ആനിമേറ്ററും ലീഡേഴ്സും നടത്തുന്ന സംവാദം ഫീച്ചറായി എഴുതി രൂപത ഓഫീസിൽ ഏല്പിക്കേണ്ട അവസാനതീയതി സെപ്റ്റംബർ 29 ആണ്. എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങൾക്കു വെവ്വേറെയാണു മത്സരം.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. ഓറിയന്റേഷൻ ക്ലാസുകൾ - അസംപ്ഷൻ ഹോസ്റ്റൽ**

ആത്മീയതയും തിരുവചനവും പ്രാർത്ഥനയും എങ്ങനെ പഠനത്തിനു പ്രയോജനപ്പെടുത്താം എന്ന വിഷയത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കുവേണ്ടി ഓറിയന്റേഷൻ ക്ലാസുകളും പ്രാർത്ഥനാശുശ്രൂഷകളും അരുണാപുരം അസംപ്ഷൻ ഹോസ്റ്റലിൽ ഓഗസ്റ്റ് 2-ന് നടന്നു. ഫാ. കുര്യൻമറ്റം, ബ്ര. തോമസ് കുര്യൻ എന്നിവർ ശുശ്രൂഷകൾ നയിച്ചു. സി. സാലി, സി. ജസീന്ത, സി. അഞ്ജലി, സി. സെലിൻ എന്നിവർ നേതൃത്വം കൊടുത്തു.

**2. ജാഗരണ പ്രാർത്ഥന**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 3 വെള്ളി വൈകിട്ടുമുതൽ ശനി രാവിലെ വരെ ജാഗരണ പ്രാർത്ഥന ദിവ്യകാരുണ്യ ആരാധനയും അരുണാപുരം സെന്റ് തോമസ് ദൈവാലയത്തിൽ നടന്നു. ഫാ. കുര്യൻ, ഫാ. സിറിൽ തയ്യിൽ, സജി വട്ടത്തൊട്ടിയിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു. ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിംഗ് കോളേജിൽനിന്നുള്ള റവ.സി. ബീന എസ്.എം.സി.യുടെ നേതൃത്വത്തിൽ അവിടുത്തെ വിദ്യാർത്ഥികളും ചേർന്ന് ആമുഖ ആരാധനശുശ്രൂഷകൾ നയിച്ചു. സമാപനത്തിൽ 4.00 am ന് ഫാ. സിറിൽ തയ്യിൽ വി. കുർബാന അർപ്പിച്ചു.

**3. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച കൂട്ടായ്മ ഓഗസ്റ്റ് 11-ന് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, സജി അറക്കുളം എന്നിവർ വചനശുശ്രൂഷകൾ നയിച്ചു. പ്രണോയി, ജോയ്സി, അതുൽ ജോഷി, ക്ലിജോ കണിയാമ്പടി എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**4. യുവജനധ്യാനം - കടുത്തുരുത്തി**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിലുള്ള യുവജനധ്യാനം ഓഗസ്റ്റ് 9,10,11,12 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. പ്രാർത്ഥനാനികേതനിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., ഫാ. ജോസ് കടുപ്പിൽ, ഫാ. മാത്യു നിരപ്പേൽ എസ്.വി.ഡി, ഫാ. കുര്യൻ മറ്റം, ജോർജുകുട്ടി ആഗസ്തി, സജി അറക്കുളം, ബിലാസ് എന്നിവർ ശുശ്രൂഷകൾ നയിച്ചു. ബിലാസ് കളത്തൂർ, രാജേഷ് തുരുത്തിപ്പള്ളി, സജി ചെറുവള്ളാത്ത് എന്നിവർ നേതൃത്വം നല്കി.

**5. മംഗളവാർത്താധ്യാനം**

ഗർഭിണികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും വേണ്ടിയുള്ള മംഗ ളവാർത്താധ്യാനം ഓഗസ്റ്റ് 5,6,7,8 തീയതികളിൽ കൊടുമ്പിടി താബോർ ധ്യാന കേന്ദ്രത്തിൽ നടന്നു. ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല എം. സി.ബി.എസ്., ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, സി. ഡോ. ലത, സജി അറക്കുളം, ജോസ് മാത്യു, മാത്യു തോണിക്കുഴി, തോമസ് കുര്യൻ എന്നിവർ ധ്യാനശുശ്രൂഷകൾ നയിച്ചു. ജോസ്കുട്ടി പെരിങ്ങുളം, ജോസ് മാത്യു കണിയാംപടി, സജി, റ്റോമിനാ, ടോണി എന്നിവർ നേതൃത്വം നൽകി.

**6. മദ്ധ്യസ്ഥ പ്രാർത്ഥന**

തുടർമഴയും പ്രളയക്കെടുതികളും മാറി ദൈവത്തിന്റെ കരുണ വർഷി ക്കപ്പെടാൻവേണ്ടി ഓഗസ്റ്റ് 15,19 തീയതികളിൽ ഷാലോം ചാപ്പലിൽ ദിവ്യകാ രുണ്യ ആരാധനയും മദ്ധ്യസ്ഥപ്രാർത്ഥനകളും ജീസസ് യൂത്ത് അംഗങ്ങൾ നട ത്തി. ഫാ. കുര്യൻമറ്റം, റോയി ജോസഫ്, ബിജീഷ്, ബീനാ സാബു, ബോണി പാലാ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**7. തിയോളജി ഓഫ് ബോഡി - തുടർ പഠനം**

ജൂലൈ മാസം നടന്ന തിയോസ് ധ്യാനത്തിന്റെ വെളിച്ചത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ പഠനങ്ങളുടെ പശ്ചാത്തലത്തിൽ ശരീര വിശു ദ്ധിയെക്കുറിച്ചുള്ള പഠനക്ലാസ് ഓഗസ്റ്റ് 12-ന് ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ഫാ. കുര്യൻമറ്റം, അലക്സ് ജോയി (മെഡിക്കൽ കോളേജ് കോട്ടയം) എന്നിവർ നേതൃത്വം കൊടുത്തു.

**8. ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

ഓൾ കേരളാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പാലാ രൂപത യിൽ നിന്നുള്ള ജീസസ് യൂത്ത് പ്രവർത്തകർ സജീവമായി പങ്കെടുക്കുന്നു. ഭക്ഷ്യ വിഭവങ്ങൾ സമാഹരിച്ച് ദുരിതാശ്വാസക്യാമ്പുകളിൽ എത്തിക്കുന്നതിനു പുറമേ പാലായിൽനിന്നുള്ള 50-ലധികം യുവജനങ്ങൾ എറണാകുളം (പടമുകൾ), ആലുവ, കൂനമ്മാവ്, ഇടുക്കിയിലെ ബെഥേൽ ഗ്രാമം എന്നിവിടങ്ങളിലെ ക്യാമ്പു കളിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

**ഫാ. കുര്യൻ മറ്റം,** (ചാപ്ലെയിൻ)
**ഫാ. സിറിൽ തയ്യിൽ** (പ്രീസ്റ്റ് ആനിമേറ്റർ)

# കെയർ ഹോംസ്

**1. കുട്ടനാട് ദുരിതാശ്വാസ ക്യാമ്പിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു.**

പ്രളയക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിലെ നെടുമുടി ദുരിതാശ്വാസ ക്യാമ്പിൽ കെയർ ഹോംസിന്റെ നേതൃത്വത്തിൽ ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ എന്നിവ വിതരണം ചെയ്തു. ക്യാമ്പിലെ നൂറോളം കുടുംബങ്ങൾക്ക് ഒന്നേകാൽ ലക്ഷംരൂപയുടെ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്തു. ഫാ. സ്കറിയ വേകത്താനം, സി. റീബ വേത്താനം എഫ്.സി.സി., സി. റീനാ കരിപ്പാക്കുഴിയിൽ സി.എം.സി., ജോർജ് കുളങ്ങര, ജോർജ് സന്മനസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**2. ദുരിതാശ്വാസ സഹായവുമായി അരുവിത്തുറ സെന്റ് അൽഫോൻസാ പബ്ലിക് സ്കൂൾ**

കുട്ടനാട്ടിൽ ദുരിതാശ്വാസ ക്യാമ്പിൽ വിതരണം ചെയ്യുന്നതിനുവേണ്ടി അരുവിത്തുറ സെന്റ് അൽഫോൻസാ പബ്ളിക് സ്കൂളിലെ വിദ്യാർത്ഥികൾ നിരവധി നിത്യോപയോഗ സാധനങ്ങൾ സമാഹരിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ സ്കൂൾ മാനേജർ റവ.സി. ആനി കല്ലറങ്ങാട്ട് നിത്യോപയോഗസാധനങ്ങൾ കെയർ ഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനത്തെ ഏല്പിച്ചു. സി. റോസിലി, സി. അനറ്റ്, പി.ടി.എ പ്രസിഡന്റ്, സാബു പൂണ്ടിക്കുളം, സാന്റെ സി പുല്ലാട്ട് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**3. എക്സിക്യൂട്ടീവ് യോഗം**

കെയർഹോംസിന്റെ എക്സിക്യൂട്ടീവ് യോഗം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ഡയറക്ടർ ഫാ. സ്കറിയ വേകത്താനം പ്രവർത്തനപരിപാടികളെക്കുറിച്ച് വിശദീകരിച്ചു.

**4. കുട്ടനാടിന് കൈത്താങ്ങായി വിവിധ സ്കൂളുകൾ**

കുട്ടനാട്ടിലെ ജനതയ്ക്ക് കൈത്താങ്ങായി പാലാ രൂപതയിലെ വിവിധ സ്കൂളുകൾ നിരവധി നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂൾ, വിളക്കുമാടം സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ, പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കുറപ്പന്തറ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കോതനല്ലൂർ ഇമ്മാനുവേൽ ഹൈസ്കൂൾ, അറക്കുളം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ, കൂട്ടിക്കൽ സെന്റ് ജോർജ് ഹൈസ്കൂൾ, കുറുമണ്ണ് സെന്റ് ജോൺസ് ഹൈസ്കൂൾ, മുത്തോലി റ്റി.റ്റി.ഐ. സ്കൂൾ തുടങ്ങിയ സ്കൂളുകളിൽനിന്നുള്ള നിത്യോപയോഗസാധനങ്ങൾ വിവിധ ദുരിതാശ്വാസക്യാമ്പുകളിൽ വിതരണം ചെയ്തു.

**5. സന്ദർശിച്ചു**

ഇലഞ്ഞിയിലെ പൈൻകുറ്റി എന്ന സ്ഥലത്തു മാനസിക വൈകല്യമുള്ള സ്ത്രീകളെ സംരക്ഷിക്കുന്ന മരിയാലയം എന്ന സ്ഥാപനം സന്ദർശിച്ചു.

**6. പൊതുസമ്മേളനം**

കെയർ ഹോംസ് പൊതുസമ്മേളനം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സിസ്റ്റർ റീന കരിപ്പാക്കുഴിയിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കെയർ ഹോംസിന്റെ പുതിയ കർമ്മപദ്ധതികൾ ഫാ. സ്കറിയ വേകത്താനം വിശദീകരിച്ചു.

**7. ആനിക്കാട് സെന്റ് മേരീസ് ആശ്രമവാർഷികവും സ്വാതന്ത്ര്യദിനാഘോഷവും**

ആനിക്കാട് സെന്റ് മേരീസ് ആശ്രമത്തിന്റെ വാർഷികവും സ്വാതന്ത്ര്യദിനാഘോഷവും ആശ്രമഹാളിൽ വച്ച് നടത്തി. വിനീത് പടന്നമാക്കൽ പതാക ഉയർത്തി. ഫാ. ജോസ് തൈപ്പറമ്പിൽ ഒ.സി.ഡി. വചനപ്രഘോഷണം നടത്തി. ഉച്ചകഴിഞ്ഞ് നടന്ന സമ്മേളനത്തിൽ ചാർളി മൈലാടൂർ റിപ്പോർട്ട് അവതരിപ്പിച്ചു. മാത്തച്ചൻ താമരശ്ശേരി (പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. വിനീത് പടന്നമാക്കൽ കല്ലറ, ജോസഫ് കൊല്ലംകുന്നേൽ തുടങ്ങിയ ജീവകാരുണ്യപ്രവർത്തകരെ ചടങ്ങിൽ ക്ഷണിച്ചു. തുടർന്ന് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**8. കെയർ ഹോംസ് കലോത്സവം**

കെയർ ഹോംസ് പാലാ രൂപത കലോത്സവം 'സ്നേഹോത്സവം 2018' ഒക്ടോബർ 18 വ്യാഴാഴ്ച രാവിലെ 9 മണി മുതൽ പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തും. ബാലഭവൻ, ഓൾഡ് ഏജ് ഹോം, സ്പെഷ്യൽ സ്കൂൾ, മാനസിക രോഗീപരിചരണസ്ഥാപനങ്ങൾ എന്നീ നാലു വിഭാഗങ്ങളിലായി നടത്തുന്ന മത്സരത്തിൽ 500 ഓളം പേർ പങ്കെടുക്കും. പരിപാടികളുടെ വിജയത്തിനായി വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

## ഇൻഫാം

**1. കർഷകർക്ക് അടിയന്തര സഹായം**

കാലവർഷക്കെടുതിയിലും പ്രളയത്തിലും കൃഷി നശിച്ച കർഷകർക്ക് അടിയന്തര സഹായം നൽകണമെന്ന് ഇൻഫാം കോട്ടയം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. മഴ കാരണം ടാപ്പ് ചെയ്തിട്ട് മാസങ്ങളായി കൊക്കോ, തെങ്ങ്, കമുക്, ജാതി, കുരുമുളക് തുടങ്ങിയവയിൽനിന്നും പ്രതീക്ഷിച്ച ആദായം മുഴുവൻ കനത്ത മഴയിൽ നശിച്ചുപോയി. അന്താരാഷ്ട്രതലത്തിൽ ലഭ്യമാക്കാവുന്ന സഹായങ്ങളെല്ലാം സ്വരൂപിച്ച് ഈ രാജ്യത്തിന്റെ പുനരുദ്ധാരണത്തിൽ ഉപയോഗിക്കുന്നതിൽ ദുരഭിമാനം വെടിയണമെന്ന് കേന്ദ്ര സർക്കാരിനോട് യോഗം അഭ്യർത്ഥിച്ചു. മാത്യു മാമ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ ഡയറക്ടർ റവ. ഫാ. ജോസ് തറപ്പേൽ, ഫാ. സിറിൽ തയ്യിൽ, ബേബി പന്തപ്പള്ളിൽ, സണ്ണി മുത്തോലപുരം, ജോസി വയലിൽ, കുഞ്ഞേപ്പച്ചൻ ചൊവ്വാറ്റുകുന്നേൽ, ജോളി

കുരിശുംമൂട്ടിൽ, ബേബി കുഴിഞ്ഞാലിൽ, ജോസ് പ്ലാക്കൂട്ടം, ബെന്നി തുളുവനാനി തുടങ്ങിയവർ പ്രസംഗിച്ചു.

**2. കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകണം**

കാലവർഷക്കെടുതിയിൽപെട്ട കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ഉടൻ നൽകണമെന്ന് ഇൻഫാം കോട്ടയം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. കൃഷി നശിച്ച കർഷകർക്ക് മുന്നോട്ടു ജീവിക്കാൻ മതിയായ സാമ്പത്തിക സഹായം നൽകാൻ കാലതാമസം വരാൻ പാടില്ലെന്ന് പാലാ ഷാലോമിൽ ചേർന്നയോഗം കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു.

ലാസ്റ്റ് ഗ്രേഡ് സർക്കാർ ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കുമ്പോൾ ആരംഭകാലത്ത് നൽകുന്ന ശമ്പളം കർഷക പെൻഷനായി നൽകണമെന്ന് സംസ്ഥാന സർക്കാരിനോട് ഇൻഫാം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് മാത്യു മാമ്പറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ റവ. ഫാ. ജോസ് തറപ്പേൽ, അസി. ഡയറക്ടർ ഫാ. തോമസ് തയ്യിൽ, സെക്രട്ടറി ബേബി പന്തപ്പള്ളി, സണ്ണി മുത്തോലപുരം, ജോയി വയലിൽ, ജോളി കുരിശുംമൂട്ടിൽ, ബെന്നി തുളുവനാനി, ജസ്റ്റിൻ ഇടയാടി, ജോർജ് നടയത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. യൂത്ത് റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പ്**

2018 ആഗസ്റ്റ് 10,11,12 തീയതികളിൽ മുണ്ടുപാലം ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് യുവജനങ്ങൾക്കുള്ള ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ബിപിൻ ബേബി ഇടപറമ്പിൽ യോഗത്തിന് സ്വാഗതം പറഞ്ഞു. ഓർഗനൈസർ പി.ഒ. പീറ്റർ ക്യാമ്പിന് നേതൃത്വം നൽകി. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ ശ്രീ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, ശ്രീ. ജോൺ മാത്യു കട്ടുപറമ്പിൽ, ശ്രീ. സിജു സെബാസ്റ്റ്യൻ കൈമനാൻ എന്നിവർ ക്യമ്പിന് ക്ലാസ്സെടുത്തു. ആഷ്‌ലിൻ റോസ് ജേക്കബ്, അഞ്ജു ജോസഫ്, നീതു മോൾ ബാബു, റ്റോമി സെബാസ്റ്റ്യൻ എന്നിവർ ക്യാമ്പ് ലീഡു ചെയ്തു.

**2. ജസ്റ്റിസ് സൺഡേ ദിനാചരണം**

2018 ആഗസ്റ്റ് 12 ഞായറാഴ്ച വൈകിട്ട് 3 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറ

ങ്ങാട്ട് ജസ്റ്റിസ് സൺഡേ രൂപതാതല ആചരണം ഉദ്ഘാടനം ചെയ്തു. ഷാലോം ഡയറക്ടർ റവ.ഫാ. തോമസ് മേനച്ചേരിൽ ജസ്റ്റിസ് സൺഡേ സന്ദേശം നൽകി. എ.കെ.സി.സി. രൂപതാ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. വിൻസെന്റ് ഡി പോൾ, രൂപത പ്രസിഡന്റ്, ഡോ. കെ.കെ. ജോസ് കണിച്ചുകാട്ട്, ഡിഎഫ്സി രൂപത ഡയറക്ടർ റവ.ഫാ. സ്കറിയ വേകത്താനം, പിതൃവേദി രൂപതാ പ്രസിഡന്റ് വേകത്താനം, പിതൃവേദി രൂപതാ പ്രസിഡന്റ് ശ്രീ. ജോസ് ജോൺ, കീലത്ത് എസ്.എം.വൈ.എം. സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. സെബാസ്റ്റ്യൻ തോമസ്, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സിജു സെബാസ്റ്റ്യൻ കൈമനൻ, ഓർഗനൈസർ പി.ഒ. പീറ്റർ, രൂപത കമ്മറ്റിയംഗം ബാബു പീറ്റർ പാണ്ടിയമാക്കൽ എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. ശ്രീമതി എൻ.ഡി. സെലിൻ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു സംസാരിച്ചു.

**3. കരിദിനം**

2018 ആഗസ്റ്റ് 10-ാം തീയതി പാലാ രൂപതാ കരിദിനമാചരിച്ചു. 10 മണിക്ക് കൊട്ടാരമറ്റത്തുനിന്ന് ആരംഭിച്ച് ളാലം പാലം ചുറ്റി ഹെഡ് പോസ്റ്റോഫീസ് പടിക്കൽ ധർണ്ണ രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം സ്വാഗതം പറഞ്ഞു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. വികാരി ജനറാൾ വെരി റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ ധർണ്ണ ഉദ്ഘാടനം ചെയ്തു. ശ്രീ. സാജു അലക്സ് (എ.കെ.സി.സി. മുൻ പ്രസിഡന്റ്), അഡ്വ. ജയ്മോൻ തങ്കച്ചൻ, ശ്രീമതി സെലിൻ ജോസഫ് എന്നിവർ സംസാരിച്ചു.

**4. രൂപത കമ്മിറ്റി**

2018 ആഗസ്റ്റ് 5-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ കമ്മറ്റി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിൽ സന്ദേശം നൽകി. സെക്രട്ടറി ശ്രീ. ജോണി ജോസഫ് പരമല റിപ്പോർട്ട് അവതരിപ്പിച്ചു.

**5. തുടങ്ങനാട്, മൂലമറ്റം, പ്രവിത്താനം, ഭരണങ്ങാനം മേഖല ക്യാമ്പ്**

2018 മെയ് 23,24,25 തീയതികളിൽ മുണ്ടുപാലം ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് 5 മുതൽ 9 വരെ ക്ലാസിലെ ദളിത് കത്തോലിക്കാ കുട്ടികൾക്കായി മേഖലാ ജീവിതദർശന ക്യാമ്പ് നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അവർകൾ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ കമ്മറ്റി മെമ്പർ ബിന്ദു സെബാസ്റ്റ്യൻ സ്വാഗതമാശംസിച്ചു. ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, ശ്രീ. പി.ഒ. പീറ്റർ പാറയിൽ, ശ്രീമതി സെലിൻ ജോസഫ്, തോമസ് ജോസഫ് നടുക്കുടി, ശ്രീമതി ജിൻസി ജോസ് വാലിമറ്റത്തിൽ, ശ്രീ. ജോസഫ് ഉരുളേൽ എന്നിവർ സംസാരിച്ചു. ശ്രീ. സിജു സെബാസ്റ്റ്യൻ, ശ്രീമതി കത്രിക്കുട്ടി, ശ്രീ. സുജിത് തോമസ്, ശ്രീമതി റാണിപോൾ, ശ്രീ. ജോണി പരമല, ഫാ. തോമസ് തയ്യിൽ, ശ്രീ. ബിനോയ് തോമസ്, ശ്രീ. പി.ഒ. പീറ്റർ എന്നിവർ ക്ലാസ്സെടുത്തു.

**5. ദീർഘകാല സിവിൽ സർവ്വീസ് പരിശീലനം**

പാലാ രൂപതയിലെ ഡി.സി.എം.എസ്. അംഗങ്ങളുടെ 5,6,7,8,9 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം നീണ്ടുനിൽക്കുന്ന സിവിൽ സർവ്വീസ്

പരിശീലനം 2018 സെപ്തംബർ മാസത്തിൽ ആരംഭിക്കുന്നു. രജി. ഫീസ് 100 രൂപ കോഴ്സ് ഫീസ് 2000 രൂപ (ഒരു വർഷത്തേക്ക്). കോഴ്സ് പൂർത്തിയാക്കുന്ന പാലാ രൂപതാംഗങ്ങളായിട്ടുള്ള കുട്ടികൾക്ക് രൂപതയിൽനിന്നും സ്കോളർഷിപ്പ് നൽകുന്നതായിരിക്കും. താൽപര്യമുള്ളവർ വികാരിയച്ചന്റെ ശുപാർശ കത്തുമായി ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

**6. K-TET ട്രെയിനിംഗ്**

ഡി.സി.എം.എസ്. പാലാ രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ ടി.ടി.സി, ബി.എഡ്. പാസ്സായ ദളിത് കത്തോലിക്കാ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി K-TET പരീക്ഷ പരിശീലനം നൽകി. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെ.എൽ.എം.

**1. സെമിനാർ**

ഡി.സി.എം.എസിന്റെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ലീഡേഴ്സ് ട്രെയിനിംഗ് പരിശീലനക്യാമ്പിൽ ന്യൂനപക്ഷവകാശങ്ങൾ, വായ്പാ പദ്ധതികൾ, സ്കോളർഷിപ്പുകൾ തുടങ്ങിയ വിവിധ സഹായപദ്ധതികളെക്കുറിച്ച് ഫാ. സ്കറിയവേകത്താനം ക്ലാസ് നയിച്ചു.

**2. മെറിറ്റ് സ്കോളർഷിപ്പ് അപേക്ഷിക്കാം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകിവരുന്ന സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പിനും ജില്ലാ മെറിറ്റ് സ്കോളർഷിപ്പിനും 2018-2019 വർഷത്തേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

www.dce.scholarship.kerala.gov.in. Ph: 0471 2306580, 9446096580.

**3. സെൻട്രൽ സ്കോളർഷിപ്പ്**

പ്ലസ്ടു വൊക്കേഷണൽ കോഴ്സുകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള ബിരുദ പഠനത്തിന് കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം അനുവദിക്കുന്ന സഹായധനമാണ് സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്. യോഗ്യത 18 നും 25 നും മദ്ധ്യേയുള്ള രക്ഷാകർത്താക്കളുടെ വാർഷികവരുമാനം ആറുലക്ഷം രൂപയിൽ താഴെയായിരിക്കണം. 80% മാർക്ക് നേടിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത. http: //mhrd/gov.in/scholarships.education-loan-o.

**4. പ്രീ-മെട്രിക് സ്കോളർഷിപ്പ്**

സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകൾ എന്നിവിടങ്ങളിൽ ഒന്നുമുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന സമർത്ഥരായ ന്യൂനപക്ഷ

ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കുറവായിരിക്കണം. 50%ത്തിലധികം മാർക്ക് വാങ്ങിയിരിക്കണം. അപേക്ഷകൾ www.scholarships.gov.in എന്ന വെബ്സൈറ്റിൽ NSP -2.0 പോർട്ടൽവഴി ഓൺലൈനായി നൽകണം.

**5. കാഴ്ചപരിമിതിയുള്ളവർക്കു സ്മാർട്ട് ഫോൺ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.**

കാഴ്ചപരിമിതിയുള്ള 1000 യുവതീയുവാക്കൾക്ക് സ്മാർട്ട് ഫോൺ നൽകുന്ന കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ കർമ്മപദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 80% മുകളിൽ ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾ, സ്ത്രീകൾ എന്നിവർക്ക് മുൻഗണന. അപേക്ഷകൾ എന്ന www.hpwc.kerala.gov.in വെബ്സൈറ്റിൽ ലഭിക്കും. ഫോൺ : 0471-2347768, 7152, 7153, 7156.

**6. ബിരുദധാരികൾക്ക് എംപ്ലോയിബിലിറ്റി സെന്റർ രജിസ്ട്രേഷൻ**

2018 ൽ ബിരുദപഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ജില്ലാ എപ്ലോയിബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്യാം. സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങളിലേക്ക് ആജീവനാന്ത രജിസ്ട്രേഷനാണിത്. ഫോൺ 9745734942. കൂടുതൽ വിവരങ്ങൾക്ക് കോട്ടയം കളക്ട്രേറ്റിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ നേരിട്ട് രജിസ്റ്റർ ചെയ്യാം.

**7. ഒ.ബി.സി. വിഭാഗം പ്രൊഫഷനുകൾക്കു സ്റ്റാർട്ട് അപ് വായ്പാപദ്ധതി**

കേരള സംസ്ഥാന പിന്നോക്ക വിഭാഗവികസന കോർപ്പറേഷൻ ഒ.ബി.സി. വിഭാഗത്തിൽപെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം ആരംഭിക്കുന്നതിനു നടപ്പിലാക്കുന്ന വായ്പാ പദ്ധതിയിലേക്ക് അപേക്ഷിക്കാം. പദ്ധതിപ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കും. മൂന്നുലക്ഷം രൂപവരെ കുടുംബവാർഷികവരുമാനമുള്ള ഒ.ബി.സി. വിഭാഗം പ്രൊഫഷനലുകൾക്ക് അപേക്ഷിക്കാം. അഞ്ചുലക്ഷം രൂപവരെ 7% പലിശ നിരക്കിലും വായ്പ അനുവദിക്കും. തിരിച്ചടവ് കാലയളവ് 84 മാസം വരെ പ്രായം 40 വയസ് കവിയാൻ പാടില്ല.

വായ്പാതുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കും. കൂടുതൽ വിവരങ്ങൾക്ക് www.ksbcdc.com എന്ന അപേക്ഷകന്റെ വെബ്സൈറ്റ് സന്ദർശിക്കുക.

**8. എച്ച്. പി.സി.എൽ. 99 അവസരം**

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ വിവിധ തസ്തികകളിലായി 99 ഒഴിവുകളുണ്ട്. അപേക്ഷാഫീസ് 590 രൂപ. ഫീസ് ഓൺലൈനായി അടയ്ക്കണം. അപേക്ഷ www.hindustanpetroleum.com എന്ന വെബ്സൈറ്റിൽ ആഗസ്റ്റ് 31 നകം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കണം.

**9. 20 ബാങ്കുകളിൽ പ്രൊബേഷണൽ ഓഫീസർ/ മാനേജ്മെന്റ് ട്രെയിനി**

പൊതുമേഖലാ ബാങ്കുകളിലെ പ്രൊബേഷണൽ ഓഫീസർ, മാനേജ്മെന്റ് ട്രെയിനി തസ്തികകളിലെ നിയമനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് പേഴ്സണൽ സെലക്ഷൻ (ഐബിപിഎസ്) നടത്തുന്ന പൊതുപരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. ഓൺലൈനായാണ് നടത്തുന്നത്. ബാങ്കുകളിൽ ആകെ 4102 ഒഴിവുകളാണ് ഉള്ളത്. സെപ്റ്റംബർ 4ന് അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി ഒക്ടോബർ മാസത്തിൽ പ്രിലിമിനറി പരീക്ഷ നടത്തും. പ്രായം 20-30 വയസ്സ്. അപേക്ഷ www.ibps.in എന്ന വെബ്സൈറ്റുവഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

**10. IISZR ൽ പ്രൊഫസർ**

തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആൻഡ് റിസേർച്ച് തിരുവനന്തപുരം വിവിധ വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. www.iisentvm.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുക. അവസാന തീയതി സെപ്തംബർ 30. (ഈ വിവരങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ).

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. അവലോകനയോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ് പാലായിൽ സംഘടിപ്പിച്ച കർഷകസംഗമ അവലോകനയോഗം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. പ്രസിഡന്റ് ഡോ. സജി പി. സക്കറിയ അധ്യക്ഷത വഹിച്ച യോഗത്തിൽ റവ.ഡോ. മാണി പുതിയിടം, റവ.ഫാ. റോയി കണ്ണഞ്ചിറ, റവ.ഫാ. ജിനോ പുന്നമറ്റം, റവ.ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ഡിഎഫ്സിയുടെ പുതിയ പ്രവർത്തന മാർഗ്ഗരേഖ റവ.ഡോ. മാണി പുതിയിടം പ്രകാശനം ചെയ്തു.

**2. ഡിഎഫ്സി സംസ്ഥാന പ്രതിനിധി മീറ്റിംഗ് കോട്ടയത്ത്**

ഡിഎഫ്സിയുടെ സംസ്ഥാന പ്രതിനിധി മീറ്റിംഗ് കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. റവ.ഡോ. മാണി പുതിയിടം ഡിഎഫ്സിയുടെ വിവിധ കർമ്മപരിപാടികൾ വിശദീകരിച്ചു. പാലാ രൂപതയിൽനിന്ന് 4 പേർ മീറ്റിംഗിൽ സംബന്ധിച്ചു.

**3. ദീപിക ഫ്രണ്ട്സ് ക്ലബ് വാർഷികവും തെരഞ്ഞെടുപ്പും നടത്തി**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ വാർഷിക പൊതുയോഗവും പുതിയ രൂപത

ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഷാലോമിൽ വച്ച് നടത്തി. ഡിഎഫ്സി പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. താഴെ പറയുന്നവരെ പുതിയ ഭാരവാഹികളായി തെരഞ്ഞെടുത്തു.

**2018 –2020 ലെ ഭാരവാഹികൾ**

പ്രസിഡന്റ് –ഡോ. സണ്ണി വി. സ്കറിയ, കിഴതടിയൂർ

വൈസ് പ്രസിഡന്റ് – ബെന്നി വടക്കേടം, മറ്റക്കര

സെക്രട്ടറി – ടോമി തുരുത്തിക്കര, ചൂണ്ടച്ചേരി

ജോയിന്റ് സെക്രട്ടറി – ജോർജ് വടക്കേൽ, അരുവിത്തുറ

ഖജാൻജി – ബേബി തൈരംചേരിൽ, രാമപുരം

ഓർഗനൈസർ – ബിജു കദളിയിൽ, മേരിലാന്റ്

17 ഫൊറോന പ്രതിനിധികളെ യോഗത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളായി തെരഞ്ഞെടുത്തു. ഡിഎഫ്സിയുടെ പുതിയ പ്രവർത്തനവർഷപരിപാടി റവ.ഡോ. മാണി പുതിയിടം ഉദ്ഘാടനം ചെയ്തു.

**4. പൈക പള്ളിയിൽ സെമിനാർ**

ദീപിക പത്രപ്രചാരണത്തിന്റെ ഭാഗമായി പാരിഷ് ഹാളിൽ വച്ച് സെമിനാർ നടത്തി. വികാരി റവ.ഫാ. അഗസ്റ്റിൻ കോലോത്ത് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ദീപിക എം.ഡി. റവ.ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. ഫാ. സെബാസ്റ്റ്യൻ മാപ്രകരോട്ട്, ടോമി തുരുത്തിക്കര, ചാക്കോച്ചൻ കളപ്പുരയ്ക്കൽ, തോമാച്ചൻ പാലക്കുടി തുടങ്ങിയവർ പ്രസംഗിച്ചു. പുതിയ പുരുഷ–വനിതാ ഡിഎഫ്സി ഭാരവാഹികളെ തെരഞ്ഞെടുത്തു.

**5. ഇടപ്പാടി ഇടവകയിൽ പത്രംപുതുക്കൽ നടത്തി**

ഇടവകയിൽ ഡിഎഫ്സിയുടെ നേതൃത്വത്തിൽ ഡ്രീംലൈൻ പ്രൊജക്ടിന്റെ ഭാഗമായി ദീപികപത്രം പുതുക്കൽ നടത്തി. വികാരി റവ.ഫാ. മാത്യു മതിലകം, പ്രസിഡന്റ് ജോസുകുട്ടി അമ്പലമറ്റത്തിൽ എന്നിവരുടെ നേതൃത്വത്തിൽ ഡിഎഫ്സി ഭാരവാഹികൾ, കുടുംബകൂട്ടായ്മ പ്രതിനിധികൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്ക് മുൻകൈ എടുത്തു.

**6. ഡിഎഫ്സി രൂപത നേതൃസംഗമം**

ഡിഎഫ്സി പാലാ രൂപത നേതൃസമ്മേളനം ഷാലോമിൽ വച്ച് നടത്തി. ഡിഎഫ്സിയുടെ 17 ഫൊറോനയിലെ ജോയിന്റ് ഡയറക്ടേഴ്സായി ചുമതലയേറ്റ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് സ്വീകരണം നൽകി. ഡിഎഫ്സിയുടെ പുതിയ കർമ്മപദ്ധതിയുടെ യോഗത്തിൽ വിശദീകരിച്ചു. തുടർന്ന് ഡിഎഫ്സിയുടെ പുതിയ രൂപതാനേതൃത്വം ഡയറക്ടർ ഫാ. സ്കറിയ വേകത്താനത്തിന്റെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാക്കന്മാർ, ജനറാളന്മാർ എന്നിവരെ സന്ദർശിച്ചു. നാമഹേതുകതിരുനാൾ ആഘോഷിച്ച അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന് മംഗളങ്ങൾ ആശംസിച്ചു.

**7. ഡിഎഫ്സി തിടനാട് യൂണിറ്റ് സെമിനാർ**

ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് തിടനാട് പള്ളി ഹാളിൽ വച്ച് സെമിനാർ നടത്തി. ദീപിക എം.ഡി. റവ.ഡോ. മാണി പുതിയിടം മീറ്റിംഗിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി റവ.ഫാ. മൈക്കിൾ നരിക്കാട്ട് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് പരവു മ്മേൽ, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു. ഡി.എഫ്.സിയുടെ പുതിയ പുരുഷ-വനിത ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫാ. തോമസ് മുതുപ്ലാക്കൽ പരിപാടികൾക്ക് നേതൃത്വം നൽകി. 120 ഓളം പുതിയ പത്രവ രിക്കാരെ ചേർത്തു.

**8. ഉദയഗിരിയിൽ ഡ്രീം ലൈൻ പ്രോജക്ട്**

ഉദയഗിരി ഇടവകയിൽ ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് ഭവന ങ്ങൾ സന്ദർശിച്ച് പുതിയ പത്രവരിക്കാരെ ചേർത്തു. വികാരി ഫാ. ജോസഫ് വടകര അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്ര ഭാഷണം നടത്തി. പുതിയ ഡിഎഫ്സി പുരുഷ-വനിതാ ഭാരവാഹികളെ തെര ഞ്ഞെടുക്കുകയും യൂണിറ്റ് ആരംഭിക്കുകയും ചെയ്തു.

**9. പാസ്റ്ററൽ കൗൺസിൽ**

പാലാ രൂപതയുടെ 12-ാമത് പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സ്കറിയ, ടോമി തുരുത്തിക്കര തുടങ്ങിയവർ സംബന്ധിച്ചു.

**10. ഡിഎഫ്സി പാലാ രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിഎഫ്സി രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ഷലോം പാസ്റ്ററൽ സെന്റ റിൽ പ്രസിഡന്റ് ഡോ. സണ്ണി വി. സക്കറിയയുടെ അധ്യക്ഷതയിൽ സമ്മേ ളിച്ചു. ഫാ. സ്കറിയ വേകത്താനം കർമ്മപരിപാടികൾ അവതരിപ്പിച്ചു.

**11. ഇടപ്പാടി ഇടവകയിൽ ഡ്രീംലൈൻ പ്രോജക്ട്**

ഇടപ്പാടി ഇടവകയിൽ ദീപികയുടെ രണ്ടാംഘട്ട പ്രചാരണ പരിപാടി സംഘടിപ്പിച്ചു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര എന്നിവർ പ്രസംഗിച്ചു. വികാരി ഫാ. മാത്യു മതിലകത്തിൽനിന്ന് ദീപിക വരിക്കാരുടെ ലിസ്റ്റ് വാങ്ങി ഡ്രീംലൈൻ പ്രോജക്ട് ഉദ്ഘാടനം ചെയ്തു.

**12. കുട്ടനാട് ദുരിതാശ്വാസ ക്യാമ്പിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു.**

ഡിഎഫ്സിയുടെ ആഭിമുഖ്യത്തിൽ കുട്ടനാട്ടിലെ നെടുമുടി ദുരിതാശ്വാ സക്യാമ്പിൽ ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ എന്നിവ വിതരണം ചെയ്തു. പാലാ ബിഷപ്പ് ഹൗസിൽ വച്ച് നടന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു. മോൺ ജോസഫ് മലേപ്പറമ്പിൽ, ജോർജ് കുളങ്ങര തുടങ്ങിയവർ സന്നിഹിതരായിരുന്നു. തുടർന്ന് നെടുമുടി ക്യാമ്പിൽ കഴിയുന്നവരെ ആശ്വസിപ്പിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സക്കറിയ, ടോമി

തുരുത്തിക്കര, ബെന്നി വടക്കേക്കര, സാലിമ്മ ജോളി അറയ്ക്കൽ, തെയ്യാമ്മ പാറയ്ക്കൽ, ജെയ്സി സണ്ണി പനന്താനത്ത് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**13. ദീപിക നമ്മുടെ ഭാഷാപദ്ധതി**

**ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ**

ദീപിക നമ്മുടെ ഭാഷാപദ്ധതി അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടു കുന്നേൽ, ഫാ. സ്കറിയ വേകത്താനം, ഫാ. മാത്യു വെങ്ങാലൂർ, ഹെഡ്മാസ്റ്റർ വിൽസൺ ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

**കുടക്കച്ചിറ സെന്റ് ജോസഫ് ഹൈസ്കൂൾ എൽ.പി.സ്കൂൾ**

വലവൂർ സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് ഫിലിപ്പ് കുഴിക്കുളം ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു കാലായിൽ, ഫാ. സ്കറിയ വേകത്താനം, ഹെഡ്മാസ്റ്റർ ജോർജ് പുളിങ്കാട്, ഡിഎഫ്സി യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

**ചിറ്റാർ സെന്റ് ജോർജ് എൽ.പി. സ്കൂൾ**

പഞ്ചായത്ത് മെമ്പർ മാത്യു വേരനാനി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, സന്തോഷ് കുര്യത്ത്, (ബ്ലോക്ക് മെമ്പർ) ഹെഡ്മിസ്ട്രസ് ലില്ലിക്കുട്ടി പി.ജെ. തുടങ്ങിയവർ പ്രസംഗിച്ചു.

**മുണ്ടാങ്കൽ സെന്റ് ജോർജ് യു.പി. സ്കൂൾ**

ഫിലിപ്പ് കുഴിക്കുളം ഉദ്ഘാടനം ചെയ്തു. ഫാ. സൈറസ് വേലംപറമ്പിൽ, ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് സി. സിൽവി സി.എം.സി തുടങ്ങിയവർ പ്രസംഗിച്ചു. ഡിഎഫ്സി യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**പിഴക് നിർമ്മല പബ്ലിക് സ്കൂൾ**

ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ജോയി മലയിൽ, ലിബിത തമ്പി മണിമല, സിസ്റ്റർ ശ്രദ്ധ (പ്രിൻസിപ്പൽ) തുടങ്ങിയവർ മീറ്റിംഗിൽ പ്രസംഗിച്ചു.

**എലിവാലി സെന്റ് ജോർജ് എൽ.പി. സ്കൂൾ**

ഡിഎഫ്സി കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ജോർജ് അമ്പഴത്തിനാൽ ഹെഡ്മിസ്ട്രസ് സിസ്റ്റർ ഫ്ളോറ സി.എം.സി., പ്രദീപ് ഔസേപ്പറമ്പിൽ ജെയ്സി പറത്താനത്ത് തുടങ്ങിയവർ പ്രസംഗിച്ചു. ഡിഎഫ്സി യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**നീലൂർ സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ**

ദീപിക ഭാഷാപദ്ധതി, ഡിഎഫ്സി എന്നിവയുടെ ഉദ്ഘാടനം ഫാ. സ്കറിയ വേകത്താനം നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. ഫിലിപ്പ് കുള ങ്ങര, ഹെഡ്മാസ്റ്റർ തോമസ് ജോസഫ് മഞ്ഞക്കുന്നേൽ, റോയി കല്ലറങ്ങാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

**മാനത്തൂർ സെന്റ് ജോസഫ് ഹൈസ്കൂൾ**

ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. തോമസ് പുല്ലാട്ട്, ഹെഡ്മിസ്ട്രസ് വത്സമ്മ കുറ്റിക്കാട്ട്, ഷിലു കൊട്ടൂർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**വെള്ളിലാപ്പള്ളി സെന്റ് ജോസഫ് യു.പി.സ്കൂൾ**

ഡിഎഫ്സി കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ബേബി തൈരംചേരിൽ, സിനി പുരയിടത്തുകുന്നേൽ, ഹെഡ്മി സ്ട്രസ് സി. ഗ്രെയ്സ് എസ്.എച്ച്. തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**കുരുവിനാൽ സെന്റ് മൈക്കിൾസ് എൽ.പി. സ്കൂൾ**

സ്കൂൾ മാനേജർ ഫാ. മാത്യു വാഴയ്ക്കാപ്പാറ ഉദ്ഘാടനം ചെയ്തു. ഹെഡ്മിട്രസ് സി. ജെസി മാത്യു, സെബാസ്റ്റ്യൻ ഗണപതി പ്ലാക്കൽ തുടങ്ങി യവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**വേലത്തുശ്ശേരി സെന്റ് തോമസ് എൽ.പി. സ്കൂൾ**

തീക്കോയി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് വി.ജെ. ജോസഫ് വലിയവീട്ടിൽ സ്കൂൾ മാനേജർ ഫാ. ജോസഫ് മേച്ചേരിക്ക് പത്രം നൽകി ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് മേരി തോമസ് ചൂണ്ടി യാനിപ്പുറത്ത്, വാർഡ് മെമ്പർ ബേബി മുത്തനാട്ട്, പി.റ്റി.എ പ്രസിഡന്റ് ബിജു നെടുങ്ങനാൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**തോടനാൽ ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂൾ**

കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ബെറ്റി റോയി മണിയങ്ങാട്ട് സ്കൂൾ മാനേജർ ഫാ. തോമസ് പുന്നത്താനത്തിനു പത്രത്തിന്റെ കോപ്പി നൽകി ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് ഷാജി ഫിലിപ്പ്, പി.റ്റി. എ. പ്രസിഡന്റ്, സജി ഉള്ളുരുപ്പിൽ, പ്രൊഫ. ജോസഫ് കടുകപ്പള്ളിൽ തുട ങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

**പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ**

സ്കൂൾ മാനേജർ റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസ് തറപ്പേൽ, മിനി പ്രിൻസ്, പ്രിൻസിപ്പൽ മാത്യു എം. കുര്യാക്കോസ്, ഹെഡ്മാസ്റ്റർ സോയി തോമസ്, ഡിഎഫ്സി യൂണിറ്റ് പ്രസിഡന്റ് ജെയമ്മ ചെമ്പുളായിൽ തുട ങ്ങിയവർ പ്രസംഗിച്ചു.

**പാലാ സെന്റ് തോമസ്  ടി.ടി.ഐ സ്കൂൾ**

റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് തറപ്പേൽ, ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് സി. അൽഫോൻസ് എസ്.എ.ബി.എസ്. തുടങ്ങിയവർ പ്രസംഗിച്ചു.

**രാമപുരം എസ്.എച്ച്. ഗേൾസ് ഹൈസ്കൂൾ**

പഞ്ചായത്ത് മെമ്പർ മത്തച്ചൻ പുതിയിടത്തുചാലിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി.മരിയ സി.എം.സി. ബേബി തൈരംചേരിൽ ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

**രാമപുരം എസ്.എച്ച്. എൽ.പി. സ്കൂൾ**

ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ബേബി തൈരംചേരിൽ, സുമിമോൾ തോമസ്, സാലി ജോസഫ്, നിഷാമോൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കണ്ടറി സ്കൂൾ**

ബാങ്ക് ഭരണസമിതിയംഗം ആന്റണി ഞാവള്ളി സ്കൂൾ അസി. മാനേജർ ഫാ. ജോർജ് പോളച്ചിറ കുന്നുംപുറത്തിനു പത്രത്തിന്റെ കോപ്പി നൽകി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ മാത്തുകുട്ടി, ബിനു വള്ളോംപുരയിടം, പി.റ്റി.എ പ്രസിഡന്റ് ജയ്മോൻ നടുവിലേക്കുറ്റ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**ചീങ്കല്ലേൽ സെന്റ് തോമസ് സ്കൂൾ**

സിബി ഉഴത്തുവാൽ പുത്തൻപുരയിൽനിന്ന് പത്രത്തിന്റെ കോപ്പി ഏറ്റുവാങ്ങി സ്കൂൾ മാനേജർ ഫാ. ജോസഫ് വടക്കേമംഗലത്ത് ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് ചീനോത്തുപറമ്പിൽ, ഫാ. ജോസഫ് മണിയങ്ങാട്ട്, പി.റ്റി.എ പ്രസിഡന്റ് ജിമ്മിച്ചൻ, ഹെഡ്മിസ്ട്രസ് സിസ്റ്റർ ടിൻസി തുടങ്ങിയവർ പ്രസംഗിച്ചു.

**പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂൾ**

ലയൺസ് ക്ലബ് പ്രസിഡന്റ് പ്രൊഫ. പ്രമോദ് കാനാട്ട് ഹെഡ്മിസ്ട്രസ് ട്രീസ ഇഗ്നേഷ്യസിന് പത്രത്തിന്റെ കോപ്പി നൽകി ഉദ്ഘാടനം  ചെയ്തു.

**കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ**

പ്രമോദ് കാനാട്ട് ഹെഡ്മാസ്റ്റർ ബാബു ജോസഫിനു പത്രത്തിന്റെ കോപ്പി നൽകി ഉദ്ഘാടനം ചെയ്തു.

**വിളക്കുമാടം സെന്റ് തോമസ് യു.പി.സ്കൂൾ**

ദീപിക ഭാഷാ പദ്ധതി പഞ്ചായത്ത് മെമ്പർ സിന്ധു  ജെയ്സ് ഉദ്ഘാടനം ചെയ്തു. ഫാ. മാണി വെള്ളിലാംതടം, ഫാ. സ്കറിയ വേകത്താനം, പി.ടി.എ പ്രസിഡന്റ് ജോഷി വാണിയപ്പുരയ്ക്കൽ, ഹെഡ്മിസ്ട്രസ് സി. ലതാമരിയ സി.എം.സി. തുടങ്ങിയവർ പ്രസംഗിച്ചു.

**പൈക ലിറ്റിൽ ഫ്ളവർ എൽ.പി.സ്കൂൾ**

സ്കൂളിലെ ഭാഷാ പദ്ധതി മാനേജർ ഫാ. അഗസ്റ്റിൻ കോലത്ത് ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് സി. ആൻസമ്മ തോമസ് എസ്.എ.ബി.എസ്. സാബു ജെയ്ബു, ചാക്കോച്ചൻ കളപ്പുരയ്ക്കൽ, തോമാച്ചൻ പാലക്കുടി തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# ബൈബിൾ അപ്പസ്തോലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ അവസാനിച്ചു. നമ്മുടെ രൂപതയിൽനിന്ന് 41489 പേർ മത്സരത്തിന് രജിസ്റ്റർ ചെയ്തു.

**2. ലോഗോസ് ക്വിസ് മത്സരം**

2018 സെപ്തംബർ 30 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ ചോദ്യപേപ്പർ വിതരണം 2018 സെപ്തംബർ 29 ഉത്തരക്കടലാസ് തിരിച്ചുതരേണ്ടത് 2018 ഒക്ടോബർ 1 ഹാൾടിക്കറ്റ് 2018 സെപ്തംബർ 10 മുതൽ വെബ്സൈറ്റിൽ ലഭ്യമാണ്.

**3. ആനന്ദിച്ചാഹ്ലാദിക്കുവിൻ**

മാർപാപ്പയുടെ ആനന്ദിച്ചാഹ്ലാദിക്കുവിൻ എന്ന പ്രബോധനത്തെക്കുറിച്ച് ഒരു ഏകദിനപഠനശിബിരം 2018 ആഗസ്റ്റ് 11-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്നു. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ നേതൃത്വം നൽകി.

**5. ബൈബിൾ ക്ലാസ്**

അത്മായർക്കായി നടക്കുന്ന ഏകവർഷ/ദ്വിവർഷ ബൈബിൾ കോഴ്സിന്റെ സെപ്തംബർ മാസത്തിലെ ക്ലാസ് 15-ാം തീയതി നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. ഫോർമേഷൻ സെമിനാർ**

യൂണിയൻ, റീജിയൻ, രൂപത ഭാരവാഹികൾക്ക് ഫോർമേഷൻ സെമിനാർ നടന്നു. ഫാ. ട്രിജോ കപ്പൂച്ചിൻ (കാൽവരി ആശ്രമം, തൃശ്ശൂർ) ക്ലാസ് നയിച്ചു. ഫാ. ആന്റണി വെച്ചൂർ OFM Cap, ജോ സെബാസ്റ്റ്യൻ, റ്റോമി കളപ്പുര, സോജൻ മാത്യു, റ്റിസി രാജു കടലംക്കാട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**2. ദുരിതാശ്വാസ സഹായം**

അല്മായ സഭയുടെ വിവിധ യൂണിറ്റുകൾ പ്രളയക്കെടുതിയിൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായം നൽകി.

**3. കൈത്താങ്ങ്**

പ്രളയക്കെടുതിയിൽ കഷ്ടപ്പെടുന്നവർക്കായി ചെമ്മലമറ്റം യൂണിറ്റിന്റെ നേതൃത്വത്തിൽ വിവിധസഹായം നൽകി. വികാരി ഫാ. സക്കറിയാസ് ആട്ടപ്പാട്ട്, ഫാ. മാത്യു തുരുത്തിപ്പള്ളി, ജോ. സെബാസ്റ്റ്യൻ മണിക്കൊമ്പേൽ, ജേക്കബ് കുന്നപ്പള്ളി, സോജൻ ആലയ്ക്കപ്പള്ളി, ശാന്തമ്മ ജോർജ്, ആലീസ് പാറയടി തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

# എ.കെ.സി.സി.

**1. ദുരിതാശ്വാസ പ്രവർത്തനത്തിൽ സജീവനേതൃത്വം**

കേരളത്തിലുണ്ടായ ഭയാനകമായ പ്രളയ ദുരന്തത്തിൽ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതി ശക്തമായ സഹായഹസ്തവുമായി ആഴ്ചകളോളം കർമ്മരംഗത്തുണ്ടായിരുന്നു. പ്രളയം ആരംഭിച്ച സമയം മുതൽ ദുരന്തബാധിതർക്ക് ഭക്ഷണം, അരി, പയറുവർഗങ്ങൾ, പഞ്ചസാര, ബിസ്കറ്റ്, സോപ്പുൽപ്പന്നങ്ങൾ, പുതിയ വസ്ത്രങ്ങൾ എന്നിവ രൂപതാസമിതിയുടെ നേതൃത്വത്തിൽ വലിയ തോതിൽ വിതരണം ചെയ്തു. ഇതിനായി ഒരാഴ്ച സേവനവാരമായി ആചരിച്ചു. എല്ലാ ഇടവകയൂണിറ്റുകളിലും രൂപതാ ഭാരവാഹികൾ നേരിട്ട് ബന്ധപ്പെടുകയും മുഴുവൻ യൂണിറ്റുകളുടേയും സജീവമായി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തു. 130-ൽപരം യൂണിറ്റുകൾ അതാത് പ്രദേശങ്ങളിൽനിന്ന് സാധനങ്ങൾ സമാഹരിച്ച് രൂപതാ സമിതി വഴിയും യൂണിറ്റുകൾ നേരിട്ടും ദുരിതാശ്വാസക്യാമ്പുകളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും എത്തിച്ചു. ഇതിനായി രൂപതാതലത്തിൽ 'ഹെൽപ് ഡെസ്ക് രൂപീകരിച്ചു. പീരുമേട്, ഉപ്പുതറ, ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശേരി, കുട്ടനാട്, കുമരകം, വൈക്കം, വടയാർ, ചേർത്തല ഭാഗങ്ങളിലെ വിവിധ ക്യാമ്പുകളിൽ എ.കെ.സി.സി. യുടെ വിവിധ യൂണിറ്റുകളും രൂപതാ സമിതിയും സന്ദർശനങ്ങൾ നടത്തുകയും സഹായങ്ങൾ നൽകുകയും ചെയ്തു. കൂടാതെ വിവിധ സ്ഥലങ്ങളിൽ കുടുങ്ങിപ്പോയവരെ ദുരിതാശ്വാസ ക്യാമ്പുകളിലെത്തിക്കുന്നതിന് നേരിട്ട് ഇടപെടുകയും വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. പിന്നീട് വീടുകളും പൊതുസ്ഥലങ്ങളും ക്ലീനിംഗ് നടത്തുന്നതിന് ചെങ്ങന്നൂർ, വൈക്കം ഭാഗങ്ങളിൽ പങ്കെടുക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു.

**2. കാർഷിക മേഖലയിൽ ഇടപെടലുകൾ**

കത്തോലിക്ക കോൺഗ്രസിന്റെ ഇലഞ്ഞി, കടുത്തുരുത്തി, മുട്ടുചിറ, കോതനല്ലൂർ, കുറവിലങ്ങാട് മേഖലകളുടെ സംയുക്താഭിമുഖ്യത്തിൽ അടുക്കളത്തോ

ട്ടമത്സരം സംഘടിപ്പിക്കുന്നു. സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ നടത്തപ്പെടുന്ന മത്സരത്തിനും കർഷക സെമിനാറുകൾക്കും സൗജന്യ വിത്തു വിതരണത്തിന്റെയും ഉദ്ഘാടനം കോതനല്ലൂരിൽ വച്ച് നടത്തപ്പെട്ടു. മത്സരത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു.

അരുവിത്തുറ, ഭരണങ്ങാനം, പൂഞ്ഞാർ, കൂട്ടിക്കൽ, തുടങ്ങനാട്, മൂലമറ്റം മേഖലകളുടെ സംയുക്താഭിമുഖ്യത്തിൽ റബർ വിലയിടിവിനെതിരെ സായാഹ്ന ധർണ്ണകളും റബർ കർഷ സെമിനാറുകളും സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ നടത്തപ്പെടുന്നു.

**4. മാധ്യമ വിചാരണകൾക്കെതിരെ പ്രതിഷേധം**

ദുരുദ്ദേശ്യപരമായ മാധ്യമവിചാരണങ്ങൾ കേരള സമൂഹത്തിലുണ്ടാക്കുന്ന തെറ്റായ പ്രചരണങ്ങൾക്കെതിരെ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതി പ്രതിഷേധ സമ്മേളനം നടത്തി. പാലാ രൂപത ഓഫീസിൽ ചേർന്ന അടിയന്തിര നേതൃയോഗത്തിൽ വച്ച് മാധ്യമ അജണ്ടകളെ പൊതുസമൂഹത്തിൽ ബോധ്യപ്പെടുത്താനുതകുന്ന വിധത്തിൽ ജാഗ്രത ഫോറം രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിനായി രൂപതാഭാരവാഹികളും വിദഗ്ദ്ധപരിശീലനം ലഭിച്ച ആളുകളും ചേർന്ന കമ്മിറ്റി രൂപീകരിച്ചു.

**5. കുമ്പസാരം നിരോധിക്കാനുള്ള നീക്കത്തിനെതിരെ**

കുമ്പസാരം നിരോധിക്കണമെന്ന ദേശീയ വനിതാകമ്മീഷൻ ശുപാർശക്കെതിരെ ശക്തമായ പ്രതിഷേധ പരിപാടികൾ രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രൂപതാ തലത്തിൽ പ്രതിഷേധ ദിനാചരണം നടത്തുകയും പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും നിവേദനം സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ രൂപതാതല ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. തുടർന്ന് എല്ലാ ഇടവക യൂണിറ്റുകളുടെയും നേതൃത്വത്തിൽ പള്ളികളിൽ ജനങ്ങളുടെ ഒപ്പുശേഖരണം നടത്തുകയും കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് നിവേദനങ്ങൾ അയയ്ക്കുകയും ചെയ്തു.

**6. പുതിയ യൂണിറ്റുകൾ**

കുടക്കച്ചിറ, ശാന്തിഗിരി ഇടവകകളിൽ കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റുകൾ ആരംഭിച്ചു.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

കഴിഞ്ഞ രണ്ടു വർഷക്കാലം മൗണ്ട് നെബോയുടെ സിഞ്ചെല്ലൂസ് ഇൻചാർജ് ആയി എല്ലാക്കാര്യങ്ങൾക്കും ഓടിയെത്തി മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയും, എല്ലാ ധ്യാനശുശ്രൂഷകളുടെയും പ്രാരംഭദിവസം വാഗമണ്ണിലെത്തി ധ്യാനിക്കുന്നവർക്കായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകിയും, ശുശ്രൂഷകൾക്ക് താങ്ങും തണലുമായി മൗണ്ട് നെബോയെ വളർത്തുകയും ചെയ്തിട്ട് ഇപ്പോൾ ഗുജറാത്തിൽ പാലാ രൂപതയ്ക്കേല്പിച്ചിരി

ക്കുന്ന ദൈവജനത്തിന്റെ അജപാലന ചുമതലയേറ്റെടുക്കുന്നതിനായി യാത്ര യായിരിക്കുന്ന പെ. ബഹു. ജോസഫ് മലേപ്പറമ്പിലച്ചനെ ഹൃദയം നിറഞ്ഞ നന്ദി യോടെ പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുന്നു.

ജൂലൈ ഇരുപത്തെട്ടാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM cap എന്നിവരുടെ നേതൃത്വ ത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ഇരുനൂറോളം പേർ സംബന്ധിച്ചു. ഓഗസ്റ്റ് അഞ്ചാം തീയതി മുതൽ പതിനൊന്നാം തീയതിവരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ അൻപത്തിയെട്ട് പേർ സംബന്ധി ച്ചു. ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽക ളപ്പുര CMI, മിസ് റോസിലി കുറിച്ച്യാപറമ്പിൽ ASI എന്നിവർ വിവിധ ശുശ്രൂ ഷകൾക്ക് നേതൃത്വം നൽകി. അടുത്ത ദൈവരാജ്യാനുഭവധ്യാനം സെപ്റ്റംബർ ഒൻപതു മുതൽ പതിനഞ്ച് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും പാലാ മിഷനിലെ എല്ലാ പള്ളികളിലും സമുചിതമായി ആഘോഷിച്ചു.

കേരളത്തിൽ മഴക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടിയുള്ള അദി ലാബാദ് രൂപതയുടെ പ്രവർത്തനങ്ങളിൽ പാലാ മിഷനിലെ വിശ്വാസികൾ ഉദാ രമായി സംഭാവനകൾ നൽകി.

മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാലാ മിഷനിലെ വൈദികർ അദിലാബാദ് രൂപതയിലെ മറ്റ് മിഷൻ പ്രദേശങ്ങൾ സന്ദർശി ക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

**പാലാ മിഷനിൽനിന്നും ദൈവവിളികൾ രൂപപ്പെടുന്നു:** വെങ്കിട്ടപുരം ഇട വകയിൽനിന്നുള്ള സി. ഗ്രേയ്സ് മരിയ, സി.എം.സി സന്യാസിനി സമൂഹത്തിലെ അംഗമായി നിത്യവ്രതം സ്വീകരിച്ചു.

**മാതാവിന്റെ ജനനതിരുനാൾ** വെങ്കിട്ടപുരം പള്ളിയിൽ സാഘോഷം കൊണ്ടാ ടുന്നു. എട്ടുനോമ്പ് ദിവസങ്ങളിൽ പള്ളിയിൽ ആഘോഷമായ വി. കുർബാനയും ജപമാലയും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)




# ആദരാഞ്ജലികൾ



## ഫാ. ജോസഫ് മുക്കത്ത്

അനശ്വരാത്മാവിന്റെ നിത്യതയിൽ കൂടുചമയ്ക്കുവാനായി യാത്രയായ ബഹു. ജോസഫ് മുക്കത്ത് അച്ചന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ നമുക്ക് പ്രാർത്ഥനാപൂർവ്വം ശിരസ്സു നമിക്കാം. നിഷ്കളങ്ക സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും എളിമയുടെയും മനോഹര മാതൃകകൾ, തന്നെ സമീപിച്ചവർക്കും താൻ സമീപിച്ചവർക്കും പകർത്ത് കൊടുത്ത് അനേകായിരങ്ങളെ അറിവിന്റെ വിഹായസ്സിലേക്ക് കൈപിടിച്ചുയർത്തിയ ആയിരങ്ങളുടെ ഓർമ്മകളിൽ ഇന്നും ജീവിക്കുന്ന മുക്കത്തച്ചന്റെ ജീവിതം ആരംഭിക്കുന്നത് 1937 ജൂലൈ 29-ന് കുറവിലങ്ങാട് ആണ്. മുക്കത്ത് മത്തായി-ഏലി ദമ്പതികളുടെ മകനായി ജനിച്ച അച്ചന് 5 സഹോദന്മാരാണുള്ളത്. ജനനത്തിന്റെ 7-ാം ദിവസം മാമ്മോദീസ സ്വീകരിച്ച അച്ചൻ തന്റെ ഭവനത്തിൽനിന്നും ഏറെ അകലെയല്ലാതെ കുറവിലങ്ങാട് ബോയിസ് ഹൈസ്കൂളിൽ തന്റെ പ്രാഥമിക പഠനം പൂർത്തിയാക്കി. പാലാ സെന്റ് തോമസ് കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് എന്നിവിടങ്ങളിൽനിന്ന് ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയശേഷം കർത്താവിന്റെ വൈദികനാകാൻ ആഗ്രഹിച്ച് പാലാ ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ ചേർന്നു. മംഗലപ്പുഴ സെമിനാരിൽ തന്റെ വൈദികപരിശീലനം പൂർത്തിയാക്കിയ അച്ചൻ 1967 മാർച്ച് 3-ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് മൂന്ന് മാസക്കാലം നീലൂർ ഹോസ്റ്റൽ റെക്ടർ ആയി സേവനം ചെയ്തു. തന്റെ പ്രധാനസേവനം കുറവിലങ്ങാട് ദേവമാതാ കോളേജ് പ്രൊഫസർ ആയിട്ടായിരുന്നു. അറിവിന്റെ അക്ഷര ലോകത്തിലേക്കും ഈശോയിലേക്കും അനേകായിരങ്ങളെ കൈപിടിച്ചുയർത്തി. 1992-ൽ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചു. 2018 ആഗസ്റ്റ് മാസം 3-ാം തീയതി അച്ചന്റെ ആത്മാവ് നിത്യസമ്മാനത്തിനായി കർത്താവിന്റെ സന്നിധിയിലേക്ക് പറന്നുയർന്നു. അഭി. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ എന്നീ മെത്രാ

ന്മാരുടെയും നിരവധി വൈദികരുടെയും നൂറുകണക്കിന് ആളുകളുടെയും പ്രാർത്ഥനയിൽ ബഹു. മുക്കത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ നടന്നു.



## റവ. സി. മേരി ഗോൺസാഗ എഫ്.സി.സി.

പാലാ രൂപത പൈങ്ങുളം പള്ളി ഇടവകയിൽ നല്ലനിരപ്പേൽ കുടുംബത്തിൽ തോമസ്- അന്നമ്മ ദമ്പതികളുടെ മൂന്ന് മക്കളിൽ രണ്ടാമത്തെ സന്താനമായി 1926 നവംബർ 9-ാം തീയതി പെണ്ണമ്മ എന്ന സി. ഗോൺസാഗ ജനിച്ചു. മാമ്മോദീസായിൽ റോസ എന്നപേര് നൽകി. മുത്തോലി സെന്റ് ജോസഫ്സ് സ്ക്കൂളിൽനിന്നും പ്രാഥമികവിദ്യാഭ്യാസവും MHCയും പൂർത്തിയാക്കിയശേഷം 1948-ൽ ഭരണങ്ങാനം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1949 മെയ് 4-ാംതീയതി സഭാവസ്ത്രസ്വീകരണവും 1952 മെയ് 24-ാം തീയതി പ്രഥമ വ്രതവാഗ്ദാനവും നടത്തി സി. മേരി ഗോൺസാഗ എന്നപേര് സ്വീകരിച്ചു. 1952 നവംബർ 17-ാം തീയതി നിത്യവ്രതവാഗ്ദാനം നടത്തി.


മലയിഞ്ചിപ്പാറ മഠത്തിലെ ആദ്യകാല അംഗങ്ങളിൽ ഒരാളായിരുന്നു ബഹു. ഗോൺസാഗാമ്മ. മലയിഞ്ചിപ്പാറ, വിമലഗിരി, കൊഴുവനാൽ ഉജ്ജൈൻ എന്നീ മഠങ്ങളിലായി 7 പ്രാവശ്യം സുപ്പീരിയറായി തന്റെ ജീവിതം സഭാംഗങ്ങൾക്കായി ഉഴിഞ്ഞുവച്ചു. നവസന്യാസിനി ആയിരിക്കുമ്പോൾ 1949 ൽ ഭരണങ്ങാനം സ്കൂളിൽ അദ്ധ്യാപികയായി സേവനം ആരംഭിച്ച അമ്മ തുടർന്ന് കണ്ണാടിയുറുമ്പ്, അമ്പാറനിരപ്പേൽ, മലയിഞ്ചിപ്പാറ, കോതനല്ലൂർ, തീക്കോയി, ളാലം, പൂഞ്ഞാർ എന്നിവിടങ്ങളിൽ അർപ്പണ മനോഭാവത്തോടെ അദ്ധ്യാപനരംഗത്ത് തന്റെ നിസ്തുലസേവനം കാഴ്ചവച്ചു. 27 വർഷക്കാലം അദ്ധ്യാപികയായിരുന്ന ഗോൺസാഗമ്മ 1979ൽ ജോലിയിൽനിന്നും വിരമിച്ചശേഷം മറ്റക്കര, സാൻജോ, സെറാഫിക് എന്നീ മഠങ്ങളിൽ താമസിച്ച് മെസ്മാനേജർ, ഫാം സൂപ്പർവൈസർ, സെക്രട്ടറി, ബോർഡിംഗ് മിസ്ട്രസ് എന്നീനിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പാചകകലയിൽ പ്രത്യേക നൈപുണ്യമുണ്ടായിരുന്ന അമ്മ സഹോദരിമാർക്ക് രുചികരമായരീതിയിൽ ഭക്ഷണം പാകം ചെയ്തുകൊടുക്കുന്നതിൽ ഉത്സാഹിച്ചിരുന്നു.

സമർപ്പണജീവിതത്തോട് വിശ്വസ്തത പുലർത്തിയിരുന്ന ഗോൺസാഗാമ്മ ദൈവം സഭാധികാരികളിലൂടെ തന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ അർപ്പണബോധത്തോടും വിശ്വസ്തതയോടും കൂടെ നിർവ്വഹിച്ചിരുന്നു.പ്രാർത്ഥനാചൈതന്യവും, ഉത്തരവാദിത്വബോധവും, മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാനുള്ള സൻമനസ്സും അമ്മയുടെ സവിശേഷ ഗുണങ്ങളായിരുന്നു. അധികാരികളോട് സ്നേഹവും ബഹുമാനവും ഉണ്ടായിരുന്ന അമ്മ കൂടെയുള്ളവരോടും മാതൃസഹജമായ സ്നേഹവും വാത്സല്യവും പ്രകടിപ്പിച്ചിരുന്നു. " ഈശോ മറിയം യൗസേപ്പേ, എന്റെ മരണനേരത്ത് നിങ്ങൾ മൂന്നുപേരും വരണ

മെ. ഞാൻ എന്നെ മുഴുവനും ദൈവകരങ്ങളിൽ ഏല്പിച്ചിരിക്കുന്നു. അവിടുത്തെ ഇഷ്ടം എന്നിൽ പൂർണ്ണമായും നിറവേറട്ടെ. അവസാനം ഈശോയുടെ അടുത്തിരുന്ന് എനിക്ക് എപ്പോഴും സ്തുതി പാടണം. അതാണെന്റെ ആഗ്രഹം. സഹനവും ത്യാഗവും ആകുന്ന കല്ലുകൾകൊണ്ട് സ്വർഗ്ഗത്തിൽ എനിക്ക് വീടുപണിയണം. എനിക്ക് എന്റെ ഈശോയെ മാത്രം മതി. സ്നേഹം, ത്യാഗം, സഹനം, പ്രാർത്ഥന ഇവവഴി ഞാൻ എന്റെ ഈശോയുടെ അടുത്തുപോകും. ഈശോയെ അതിനെന്നെ സഹായിക്കണമെ" എന്ന് അമ്മ പ്രാർത്ഥിച്ചിരുന്നു.

2018 മെയ് 5-ാം തീയതി അമ്മയുടെ ക്ഷീണം വർദ്ധിച്ചതിനാൽ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. തീർത്തും ശയ്യാവലംബയായിതീർന്ന അമ്മയ്ക്ക് 2018 ജൂലൈ 28-ാം തീയതി പുലർച്ചെ 4 മണിക്ക് ശ്വാസതടസ്സം അനുഭവപ്പെടുകയും, ശാന്തമായി കിടന്നുറങ്ങുന്ന കുഞ്ഞിന്റെ ശാന്തതയോടെ അമ്മയുടെ ആത്മാവ് ദിവ്യനാഥന്റെ സന്നിധിയിലേയ്ക്ക് പറന്നുയരുകയും ചെയ്തു. വി. അൽഫോൻസാമ്മയോട് പ്രത്യേക സ്നേഹവും ഭക്തിയുമുണ്ടായിരുന്ന ഗോൺസാഗാമ്മയെ അൽഫോൻസാമ്മ തന്റെ തിരുനാൾ ദിനത്തിൽ തന്നെ, സ്വർഗ്ഗത്തിലേയ്ക്ക് യാത്രയാക്കി. ജൂലൈ 31-ാംതീയതി രാവിലെ 9.30ന് റവ. ഫാ.പൗലോസ് വാഴക്കാല OCD യുടെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ മഠം ചാപ്പലിൽ സംസ്ക്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് അരുണാപുരം സെന്റ് തോമസ് പള്ളിയിലേയ്ക്ക് മൃതദേഹം സംവഹിക്കപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും അനുശോചന സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അരുണാപുരം സെന്റ് തോമസ്പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചു. തന്റെ വിശ്വസ്തദാസിയെ ദിവ്യനാഥൻ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്



## AUGUST 2018

01 08.15 am അരമനയിൽ കൂരിയായിൽ സംബന്ധിച്ചു.

02 ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി സന്ദർശിച്ചു.

03 അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

04 11.00 am കയ്യൂർ കള്ളികാട്ട് കുടുംബയോഗത്തിൽ പങ്കെടുത്തു.

2.15 pm കുറവിലങ്ങാട് പള്ളിയിൽ ബഹു. മുക്കത്ത് ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

05.00 pm മൂഴൂർ പള്ളിമുറി വെഞ്ചരിച്ചു.

06.00 pm മണലുങ്കൽ സ്കൂൾ നിർമ്മാണം വീക്ഷിച്ചു വിലയിരുത്തി.

08.00 pm മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ചു.

05 08.30 am അയ്യമ്പാറ പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

06 03.00 pm അരമനയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

07 am സന്ദർശകരെ സ്വീകരിച്ചു.

08-10 കെ.സി.ബി.സി. ബിഷപ്സിനുള്ള ധ്യാനത്തിൽ സംബന്ധിച്ചു.

10 08.00 pm ഷംഷാബാദ് രൂപതയുടെ ഗുജറാത്ത് സംസ്ഥാനത്തേയ്ക്കുള്ള പാലാ ടീമംഗങ്ങളായ പെരിയ ബഹു. ഫാ. ജോസഫ് മലേപറമ്പിൽ, റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ.ഫാ. ജോർജ് കാവുംപുറം എന്നിവർക്ക് ആശംസകൾ നേർന്നു.

11 11.30 am മുട്ടുചിറ ആശുപത്രിയിലെ ശിശുപരിചരണത്തിനായുള്ള ആധുനിക എൻ.ഐ.സി.യു. വെഞ്ചരിച്ചു.

02.15 pm അമ്പാറനിരപ്പേൽ പള്ളിയിൽ ബഹു. പി.എം. മാത്യു പന

ച്ചിക്കവയലിൽ പോർക്കാട്ടിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

12 07.00 am പെരിയപ്പുറം സെന്റ് ജോൺ ദി ബാപ്പിസ്റ്റ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

03.00 pm ഡി.സി.എം.എസ്. പാലാ രൂപതാ ജസ്റ്റിസ് സൺഡേ ആചരണം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

14 10.30 am ഭരണങ്ങാനം സെന്റ് അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ ഇന്റർഎപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു.

02.00 pm പാലാ കത്തീഡ്രൽ ഇടവകയിൽ കൊട്ടുകാപ്പള്ളിൽ തോമസ് ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

03.30 pm അമ്പാറനിരപ്പേൽ പള്ളിയിൽ വെട്ടിക്കൽ ആന്റണി സാറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

06.00 pm രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ അവലോകനയോഗമായ ഷാലോം മീറ്റിൽ ബിഷപ്പ്സ് ഹൗസിൽ അധ്യക്ഷത വഹിച്ചു.

14 സന്ദർശകരെ സ്വീകരിച്ചു.

03.00 pm പാലാ മുണ്ടുപാലം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നടന്ന ജനറൽ ബോഡി യോഗത്തിന് അധ്യക്ഷത വഹിച്ചു.

15 07.15 am സ്വാതന്ത്ര്യദിനത്തിൽ പാലാ ബിഷപ്സ് ഹൗസിൽ ഇന്ത്യൻ ദേശീയപതാക ഉയർത്തി.

10.00 am വടകര സെന്റ് ജോൺ ദിബാപ്റ്റിസ്റ്റ് പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും പുതിയ ഒരു കെട്ടിടം പണിയുടെ നിർമ്മാണത്തിന് തറക്കല്ലിടുകയും ചെയ്തു.


16 വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അരമനയിൽ അവലോകന മീറ്റിംഗ് നടത്തി.

17 സന്ദർശകരെ സ്വീകരിച്ചു.

18 08.00 am മറ്റത്തിപ്പാറ ഇടവകപള്ളിയിൽ കൊടിമരം വെഞ്ചരിച്ചു. തുടർന്ന് വെള്ളികുളത്ത് ഉരുൾപൊട്ടിയ സ്ഥലവും ദുരിതാശ്വാസക്യാമ്പും മൂലമറ്റം, ഇലപ്പള്ളി, മുട്ടം, മംഗളഗിരി എന്നിവിടങ്ങളിലെ ക്യാമ്പുകളും സന്ദർശിച്ചു.

04.30 pm ശാന്തിഗിരി ഇടവകയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.

| | | |
|---|---|---|
| 19 | 07.45 am | ശാന്തിഗിരി ഇടവകയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി. |
| 20 | 02.30 pm | വട്ടപ്പലം വി.ഒ. ഔസേപ്പ് സാറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് വീട്ടിലും പള്ളിയിലും മുഖ്യകാർമ്മികത്വം വഹിച്ചു. |
| 21 | 10.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | വെരി റവ.ഫാ. ജോസ് അഞ്ചേരിയുടെ അമ്മ മേരി ഈപ്പന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ചേർപ്പുങ്കലുള്ള ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 22 | 09.30 am | തിരുവനന്തപുരത്ത് കന്റോൺമെന്റ് ഹൗസിൽ എത്തി ബഹു. കേരളമുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ നേരിൽ സന്ദർശിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് 50 ലക്ഷം രൂപയുടെ ചെക്ക് കൈമാറി. |
| 23 | | ബിഷപ്സ് ഹൗസിൽ ആറായിരത്തിലധികം പാവപ്പെട്ട കുടുംബങ്ങൾക്ക് 5 കിലോ അരിയും ഒരു കിലോ പയറും പപ്പടവും സൗജന്യമായി നൽകി. |
| | 04.30 pm | ഉരുൾപൊട്ടലിൽപെട്ട് മരിച്ച ശ്രീ. ജോബി കണിയാംപടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ചെമ്മലമറ്റം പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 24 | 07.30 am | പരേതനായ ശ്രീ. വി.ഒ. ഔസേപ്പ് സാറിന്റെ മരണാനന്തര ചടങ്ങുകൾക്ക് ഉള്ളനാട് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 25 | 06.00 pm | കുറവിലങ്ങാട് കൺവെൻഷൻ ആമുഖസന്ദേശം നൽകി ഉദ്ഘാടനം ചെയ്തു. |
| 26 | 04.00 pm | ഇളംതോട്ടം ഇടവകയിൽ ശ്രീ. ബിജു വലിയമുറത്താങ്കലിന്റെ വീട് വെഞ്ചരിച്ചു. |
| 27-28 | | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡിൽ സംബന്ധിച്ചു. |
| 29 | 04.30 pm | മാതൃവേദി-പിതൃവേദി രചനാമത്സരങ്ങളുടെ സമ്മാനവിതരണം നടത്തി. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2018

| | | |
|---|---|---|
| 01 | 02.00 pm | കോട്ടയത്ത് ഡി.സി.എം.എസ്.ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 03 | 03.00 pm | ചെങ്കൽ നസ്രത്ത് ആശ്രമത്തിൽ എഫ്.ബി.എ.യുടെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 04 | 06.15 am | ചേർപ്പുങ്കൽ സി.എം.സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | ബഹു. ജോസഫ് മുക്കത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ ഭവനത്തിലും ദേവാലയത്തിലും സംബന്ധിച്ചു. |
| 05 | 04.00 pm | കാഞ്ഞിരത്താനം ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 06 | 03.00 pm | ബിഷപ്പ്സ് ഹൗസിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 07 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 08-10 | | കെ.സി.ബി.സി. റിട്രീറ്റിൽ സംബന്ധിച്ചു. |
| 10 | 04.00 pm | ഭരണങ്ങാനം ഇടവകയിൽ പരേതനായ വി.ജെ. ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 08.00 pm | ഗുജറാത്ത് മിഷനിലേക്ക് പോകുന്ന ബഹു. അച്ചന്മാർക്കുള്ള യാത്രയയപ്പിൽ പങ്കെടുത്തു. |
| 11 | 12.00 noon | മൂന്നിലവ് ഇടവകയിൽ ബഹു. പോർക്കാട്ടിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| 12 | 1.30 pm | തിടനാട് ഇടവകയിൽ പരേതയുടെ വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | പ്ലാശനാൽ ഇടവകയിൽ പരേതയായ മാറമറ്റത്തിൽ മറിയക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 13 | 10.30 am | ഭരണങ്ങാനത്ത് ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | കത്തീഡ്രൽ ഇടവാംഗമായ പരേതനായ കൊട്ടുകാപ്പള്ളിൽ അപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 06.00 pm | ശാലോം മീറ്റിൽ സംബന്ധിച്ചു. |
| 14 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | ചെമ്മലമറ്റം സ്കൂളിൽ പുതിയ സയൻസ് ലാബ് വെഞ്ചിരിച്ചു. |
| 15 | 03.30 pm | ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| 18 | 10.00 am | തീക്കോയി, മൂലമറ്റം ഫൊറോനകളിൽ ദുരിതബാധിത പ്രദേശങ്ങളും ക്യാമ്പുകളും സന്ദർശിച്ചു. |
| 19 | 10.00 am | കോതനല്ലൂർ, കടുത്തുരുത്തി, മുട്ടുചിറ ഫൊറോനകളിൽപെട്ട ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. |
| 20 | 03.00 am | ഉള്ളനാട് ഇടവകയിൽ പരേതനായ വട്ടപ്പലം വി.ഒ. ഔസേപ്പ് സാറിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ ദൈവാലയത്തിൽ സംബന്ധിച്ചു. |
| 21 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 10.00 am | അഭിവന്ദ്യ തോമസ് തറയിൽ പിതാവിനൊപ്പം കുട്ടനാട്ടിലെ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. |
| 23 | 10.00 am | അൽഫോൻസാ കോളേജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.30 pm | ചെമ്മലമറ്റം ഇടവകയിൽ പരേതനായ ജോബി കണിയാംപടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| 24 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 26 | 03.30 pm | ഭരണങ്ങാനം ഇടവകയിൽ കൊട്ടാരത്തുകുഴിയിൽ പരേതയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 04.15 pm | ഇളംതോട്ടം ഇടവകയിൽ ഒരു ആശീർവ്വാദകർമ്മത്തിൽ പങ്കെടുത്തു. |
| 27 | 10.00 am | ഡി.സി.എം.എസ്. പ്രവർത്തകരോടൊത്ത് കുട്ടനാട്ടിൽ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. |
| 28 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 30 | 10.00 am | കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| 31 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |



# Bishop's Engagements
## Mar Joseph Kallarangatt
### SEPTEMBER 2018

| | | | |
|---|---|---|---|
| 01 | | | Muringoor Divine Retreat Center : Cleaning |
| 02 | 07.30 am | Sun | Kudayathoor : Holy Qurbana |
| | 05.00 pm | | Udayagiri : Blessing |
| 03 | | Mon | Engaged (Meeting at Idukki Bishop's House) |
| 04 | 10.30 am | Tue | Presbyteral Council at Bharananganam |
| | 06.00 pm | | Meeting at Bishops House |
| 05 | 08.15 am | | Bishop's House : Curia Meeting |
| | 02.00 pm | | Moolamattom Forane : Rice Distribution |
| 06 | | Thu | Engaged |
| 07 | **10-11.00 am** | | **Visiting Time** |
| | 12.00 noon | | Kadaplamattom: Kuttantharapelachan - Sratham |
| 08 | 09.30 am | | Kuravilanadu : Holy Qurbana |
| 09 | | | Syriac Conference Meeting at Kakkanadu |
| 10 | | | Engaged |

| | | | |
|---|---|---|---|
| 11 | **10-12.30 pm** | | **Visiting Time** |
| | 03.00 pm | | Needy Church Fund Meeting |
| 12 | 08.15 am | | Bishop House : Curia Meeting |
| 13 | 06.30 am | | Syriac Qurbana SEERI Kottayam |
| | pm | | Kuravilangadu Church, Ramsa in Connection with Syriac Conference |
| 14 | **10-12.30 pm** | | **Visiting Time** |
| 15 | | | Blessing at Kayyoor |
| 16- Oct.7 | | | Engaged |




# Auxiliary Bishop's Engagements

## Mar Jacob Muricken

## SEPTEMBER 2018

| | | | |
|---|---|---|---|
| 01 | | Sat | Engaged |
| 02 | | Sun | Vakakkadu : Pastoral Visit |
| 03 | 11.00 am | Mon | Kanjirathanam : Blessing |
| | 05.00 pm | | Kottayam Mallussery : Holy Qurbana |
| 04 | 10.30 am | Tue | Bharananganam : Presbyteral Council |
| | 03.30 pm | | Pattumala : Holy Qurbana |
| 05 | 10.15 am | Wed | Aruvithura College : Meeting |
| | 01.30 pm | | B.Ed College: Meeting |
| | 04.30 pm | | Manathoor : Holy Qurbana |
| 06 | 12.00 pm | Thu | Lalam Old : Blessing |
| | 05.00 pm | | Kuravilangadu : Holy Qurbana |
| 07 | 10-12.30 pm | Fri | **Visiting Time** |
| 08 | 11.00 am | Sat | Chakkampuzha : Blessing |
| | 03.00 pm | | DCMS Meeting |
| 09 | 06.00 pm | Sun | Kanjiramattom : AKCC Meeting |
| 10 | 03.30 pm | Mon | St. Thomas College : Meeting |
| 11 | 10-12.30 pm | Tue | **Visiting Time** |
| 12-13 | | Wed | Engaged |
| 14 | 09.00 am | Fri | Vadavathoor : Meeting |
| 15 | 06.00 am | Sat | Bharanangangam Marygiri : Holy Qurbana |

| | | | |
|---|---|---|---|
| | 11.00 am | | Teekoy : Blessing |
| 16 | | Sun | Urumbukavu : Pastoral Visit |
| 17 | | Mon | Engaged |
| 18 | 10-12.30 pm | Tue | Visiting Time |
| 19 | 06.15 am | Wed | Pastoral Institute : Holy Qurbana |
| 20 | | Thu | Engaged |
| 21 | 10-12.30 pm | Fri | Visiting Time |
| | 04.00 pm | | Pazhayidom : Holy Qurbana |
| 22 | 03.00 pm | Sat | DCMS Meeting |
| 23 | 02.00 pm | Sun | Mannackanadu : Blessing |
| | 04.00 pm | | Udayagiri : Holy Qurbana |
| 24 | 10-12.30 pm | Tue | Visiting Time |
| 27 | 10.00 am | Thu | B.Ed college : Meeting |
| 28 | 10-12.00 pm | Fri | Visiting Time |
| 29 | 03.00 pm | Sat | DCMS Meeting |
| 30-31 | | | Engaged |
| | | **OCTOBER** | |
| 02 | 10-12.30 pm | Tue | Visiting Time |
| 03 | 06.15 am | Wed | Marriage Course : Holy Qurbana |
| 04 | 06.00 am | Thu | Aruvithura FCC Provincial House : Holy Qurbana |
| 05 | 10-12.00 noon | Fri | Visiting Time |
| 07 | | Sun | Udayagiri : Pastoral Visit |



# വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

## സെപ്തംബർ 14